For circulation among believers only

റിന്യൂവൽ: ആത്മീയ പുതുക്കത്തിന്

# റിന്യൂവൽ വാർത്താപത്രിക

Reg. No. M6/33628/2001

Postal Reg. No. KL/CR/EKM/429/2006-08

Annual Subscription Rs. 50

വാല്യം - 7 | ലക്കം - 10 | സെപ്റ്റംബർ 2008

# ഒറീസ്സയിൽ അതിക്രമം അവസാനിക്കുന്നില്ല

**ലോ**കത്തിലെ ഏറ്റവും വലിയ ജനാധിപത്യ, മതേതര രാഷ്ട്രമെന്ന് അഭിമാനിക്കുന്ന ഭാരതത്തിന്റെ മുഖഛായയ്ക്ക് കളങ്കമേൽപിച്ചുകൊണ്ട് ഒറീസയിൽ ക്രിസ്ത്യാനികൾക്കു നേരെയുള്ള അതിക്രമം തുടരുന്നു. കഴിഞ്ഞ വർഷം അവസാനമുണ്ടായ ക്രിസ്തീയ പീഡനത്തിന്റെ വേദനകൾ മാറും മുൻപേ വീണ്ടും ആക്രമണം അഴിച്ചുവിട്ട ക്രിസ്തീയ വിരോധികളുടെ പ്രവർത്തിയെ ലോകരാജ്യങ്ങൾ അപലപിച്ചു കഴിഞ്ഞു.

ആക്രമണത്തെ തുടർന്ന് ദുരിതാശ്വാസ ക്യാമ്പുകളിലും കാടുകളിലും കഴിയുന്നവരുടെ നിലയിൽ വലിയ മാറ്റമുണ്ടായിട്ടില്ല. കത്തിനശിച്ചതാണെങ്കിലും തങ്ങളുടെ സ്വന്തം വീടുകളിലേക്ക് അഭയാർത്ഥികളെ തിരിച്ചു കൊണ്ടുവരാനോ അവരുടെ ആത്മവിശ്വാസം വളർത്താനോ വേണ്ട നടപടികൾ ഫലപ്രദമായി നടപ്പാക്കാൻ ഭരണകൂടത്തിന് കഴിഞ്ഞിട്ടില്ല. സമാധാന കമ്മിറ്റി യോഗങ്ങളിൽ പോലും വ്യക്തമായ എന്തെങ്കിലും തീരുമാനവും ഇപ്പോഴും അകലെ. പലയിടത്തും ക്രിസ്തീയ വിരോധികൾ സമാധാന യോഗങ്ങൾ ബഹിഷ്കരിക്കുമെന്ന ഭീഷണിയിലുമാണ്.



പാസ്റ്റർമാരായ രണ്ടുപേരെ അക്രമകാരികൾ വഴിയിലൂടെ മർദ്ദിച്ചുകൊണ്ടു പോകുന്നു.

ജാലസ്പട്ട ആശ്രമത്തിൽ സ്വാമി ലക്ഷ്മണാനന്ദ സരസ്വതി വധിക്കപ്പെട്ടതോടു കൂടിയാണ് ഇപ്പോഴുള്ള പ്രശ്നങ്ങൾക്ക് തുടക്കം. സ്വാമിയെ വെടിവെച്ച് കൊന്നത് ക്രിസ്ത്യാനികൾ ആണെന്നും അത് മാവോയിസ്റ്റുകളുടെ തലയിൽ കെട്ടിവെക്കുകയും ചെയ്യുകയാണുണ്ടായതെന്ന ചില ക്രിസ്തീയ വിരോധ സംഘടനാ നേതാക്കളുടെ ആരോപണത്തെ ക്രിസ്തീയ നേതാക്കൾ നിഷേധിച്ചു.

ഒറീസ്സയിൽ ക്രൈസ്തവരുടെ പ്രധാന വിശ്വാസോത്ഭവ കേന്ദ്രം പടിഞ്ഞാറൻ ജില്ലാ ആസ്ഥാനമായ ഫുൽബനി പ്രദേശത്തായിരുന്നു. അവിടെ നിന്നാണ് ക്രിസ്തീയ വിശ്വാസം സംസ്ഥാനത്തിന്റെ പല ഭാഗത്തേക്ക് വ്യാപിച്ചത്. ഇന്ന് അതിക്രമം ആരംഭിച്ച കന്തമാൽ ജില്ലയുടെ ജനസംഖ്യയിൽ 13% ത്തിലധികവും ക്രിസ്ത്യാനികളാണ്. മാത്രമല്ല 19% വരുന്ന പിന്നോക്ക വിഭാഗത്തിലെ (പട്ടികജാതി) 70%വും ക്രിസ്ത്യാനികളാണ്. ഏതാനും വർഷങ്ങൾക്കു മുമ്പ് ജില്ല വിഭാഗിച്ച് കന്തമാൽ, ബൗദ്ധ് ജില്ലകളാക്കിയപ്പോൾ കന്തമാൽ ക്രിസ്ത്യാനികൾ കൂടുതലുള്ള ജില്ലയായി.



അക്രമകാരികളായ ചിലർ ഒരു ക്രിസ്ത്യാനിയെ പോലീസുകാരുടെ മുന്നിലിട്ട് മർദ്ദിക്കുന്നു.

കന്തമാൽ ജില്ലയിലെ ക്രൈസ്തവ സ്ഥാപനങ്ങളുടെ 80%മാനവും ഇക്കഴിഞ്ഞ ആക്രമണങ്ങളിൽ തകർക്കപ്പെട്ടു. പ്രധാന പട്ടണങ്ങളിലെ പ്രമുഖ പള്ളികൾക്കും സ്ഥാപനങ്ങൾക്കും പോലീസ് സംരക്ഷണം ലഭിച്ചതു കൊണ്ട് ആക്രമണത്തിൽ നിന്ന് രക്ഷപ്പെടുകയായിരുന്നു. കലിംഗ പോലുള്ള ചില ഗ്രാമങ്ങളിൽ ക്രൈസ്തവർ കൂടുതൽ ഉള്ളതുകൊണ്ട് പോറലേൽക്കാതെ നിൽക്കുന്നു. പക്ഷെ ഇവിടെയുള്ളവരും ഭയത്തിലാണ് കഴിയുന്നത്. കാരണം ആക്രമണകാരികൾ ഒറീസക്കാരെക്കാൾ കൂടുതൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്തവരാണെന്നതിനാലാണ്.

ഇപ്പോഴുണ്ടായ ആക്രമണത്തിൽ ഏകദേശം 600ഓളം പള്ളികളും 50ഓളം മനുഷ്യരും കൊല്ലപ്പെട്ടെന്നാണ് ഔദ്യോഗികഭാഷ്യം. എന്നാൽ യഥാർത്ഥ കണക്ക് ഇതിൽ കൂടുതലാണ്. ജോധ്നാഥ്പൂരിലെ ബ്രദ്റൻ സഭാഹാൾ തീക്കിരയാക്കി. സാംബൽപൂരിൽ പ്രവർത്തിക്കുന്ന സഹോദരൻ സൈമൺ പ്രഭാകരുടെ മോട്ടോർ സൈക്കിൾ അക്രമികൾ തീവെച്ച് നശിപ്പിച്ചു. സുവിശേഷകൻ സി.എസ്. തോമസ് പ്രവർത്തിക്കുന്ന ബെർഹാംപൂരിൽ സഭാഹാൾ തകർക്കുവാൻ ഒരുകൂട്ടം അക്രമികൾ ശ്രമിച്ചെങ്കിലും തക്കസമയത്ത് പോലീസ് ഇടപ്പെട്ടതുകൊണ്ട് അക്രമികൾ പിന്തിരിഞ്ഞു. പലതവണ അവർ തകർക്കാൻ ശ്രമിച്ചെങ്കിലും പോലീസ് അവിടെ ജാഗ്രത പാലിക്കുന്നതു കൊണ്ട് ഇതുവരെയും ഒരു കുഴപ്പവും സംഭവിച്ചിട്ടില്ല. പ്രദീപ് ബഹ്റ പ്രവർത്തിക്കുന്ന അഗുളിലും പോലീസ് ഇടപെട്ടതിനെ തുടർന്ന് അക്രമികൾ പിന്തിരിഞ്ഞു എങ്കിലും ഇപ്പോഴും സഹോദരനെ ഇവർ ഭീഷണിപ്പെടുത്തി കൊണ്ടിരിക്കുന്നു. എയർഫോഴ്സിൽ നിന്ന് വിരമിച്ചതിനു ശേഷം ഡൽഹിയിൽ നിന്ന് ഫുൾബനിയിൽ സ്ഥിരതാമസത്തിനായി വന്ന സഹോദരൻ ദുൽഗൻ ദിഗലും സഹോദരനും താമസത്തിനായി പണിതുകൊണ്ടിരുന്ന

ശേഷം 3-ാം പേജിൽ

## കർണ്ണാടകയിലും ആക്രമണം

ഒറീസയിൽ ആരംഭിച്ച ക്രിസ്തീയ പീഡനം കർണ്ണാടകയിലേക്കും വ്യാപിക്കുന്നു. ദാവൺഗരെ ജില്ലയിൽ അങ്ങിങ്ങായി തുടങ്ങിയ അതിക്രമം മംഗലാപുരത്തേക്കും, കൊടുകിലേക്കും പടർന്നു. മംഗലാപുരത്തെ ആക്രമണത്തിന്റെ ബാക്കിപത്രമെന്നോമം കേരളത്തിന്റെ വടക്കൻജില്ലയായ കാസർകോടും ആക്രമണം നടന്നു. കൊടകിലെ സിദ്ധാപുരത്തെ, നെല്യഹുഡുക്കേരി സഭാഹാളിന്റെ ജനൽചില്ലുകൾ അടിച്ചു തകർത്തു. സെപ്റ്റംബർ 21ന് ഞായറാഴ്ച യോഗം കഴിഞ്ഞുപോയതിനുശേഷമാണ് ആക്രമണം ഉണ്ടായത്. പിന്നീട് പോലിസ് അധികാരികൾ വന്ന് അന്വേഷിക്കുകയും അന്നുതന്നെ സർക്കാർ ചിലവിൽ കെട്ടിടത്തിന്റെ കേടുപാടുകൾ തീർക്കുകയും ചെയ്തു.

കഴിഞ്ഞ മാർച്ചിൽ ദാവൺഗരെ സഭയിൽ യോഗം നടക്കുന്നതിനിടയ്ക്ക് ചില ക്രിസ്തീയ വിരോധികൾ അതിക്രമം നടത്തിയതിനെ തുടർന്ന് വാടക കെട്ടിടത്തിൽ നടന്നിരുന്ന ആരാധനായോഗം മറ്റൊരിടത്തേക്ക് മാറ്റേണ്ടിവന്നു. മലയാളിയായ സുവി. ജോബിൻ വർഗ്ഗീസിന് ആ സംഭവത്തിൽ മർദ്ദനമേറ്റിരുന്നു.

ഇപ്പോഴുണ്ടായ സംഭവത്തെ തുടർന്നു കർണ്ണാടകയിലുള്ള ക്രിസ്തീയ മതനേതാക്കാൾ മുഖ്യമന്ത്രിയോട് ശക്തമായ പ്രതിക്ഷേതം അറിയിച്ചിരുന്നു. ക്രിസ്തീയ ആരാധാനാലയങ്ങൾ അരിച്ചുപെറുക്കി അന്വേഷണം നടത്തുന്ന പോലീസ് മേധാവികൾ രജിസ്റ്റർ ചെയ്യാത്തവ അടച്ചു പൂട്ടുകയാണ്. രജിസ്റ്റർ ചെയ്ത ആരാധനാലയങ്ങളിലല്ലാതെ മറ്റൊരിടത്തും യോഗങ്ങൾ നടത്തരുതെന്ന കർശ്ശനമായ നിർദ്ദേശവും അധികാരികളുടെ ഭാഗത്തുനിന്നുണ്ട്. അതുകൊണ്ട് ഏറ്റവും വിഷമത്തിലായിരിക്കുന്നത് സുവിശേഷവിഹിത സഭകളാണ്. മിക്കവാറും ഇവിടെ ആരംഭിക്കുന്ന സഭകളും വീടുകളിലാണ് ആരാധിക്കുവാൻ കൂടിവരുന്നത്. ഇപ്പോഴുള്ള നിർദ്ദേശമനുസരിച്ച് ഇങ്ങനെ കൂടിവരുന്നത് നിയമ വിരുദ്ധമാണെന്ന് പറഞ്ഞ് സുവിശേഷ വിരോധികൾ അത് മുതലെടുക്കുന്നുണ്ട്. അതുകൊണ്ടു തന്നെ പല വീടിലെ സഭകളിലും ചില ആഴ്ചകളിലായി യോഗങ്ങൾ നടക്കുന്നില്ല.

# കോളജ് സ്റ്റുഡൻസ് ക്യാമ്പ്

സെപ്റ്റംബർ 9 മുതൽ 13 വരെ തിരുവല്ല മെഡിക്കൽ മിഷൻ കോളജ് ഓഫ് നേഴ്സിങ്ങ് ക്യാമ്പസിൽ നടന്ന ക്യാമ്പിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കുട്ടികൾ പങ്കെടുത്തു. യുവജന ശുശ്രൂഷയിൽ പരിശീലനം ലഭിച്ച സീനിയേഴ്സ് സഹായത്തിനായി പൂർണ്ണ സമയം ഉണ്ടായിരുന്നു.




സഹോ. ബാബു ജോൺ ക്ലാസ്സെടുക്കുന്നു.

ക്യാമ്പിൽ സന്ദേശം നൽകി സഹോദരൻ ബാബു ജോൺ (നെയ്‌വേലി) ഒരു വിശ്വാസിയുടെ ജീവിതത്തിന്റെ എല്ലാ മേഖലയിലും യേശുവിന് കർതൃത്വം കൊടുക്കണമെന്ന് ഊന്നി പറഞ്ഞു. "വേദപുസ്തകത്തിൽ നസറായനായ യേശുവിനെ ക്രിസ്തു, ദൈവത്തിന്റെ പുത്രൻ, മനുഷ്യപുത്രൻ, രക്ഷകൻ, മിശിഹ എന്നിങ്ങനെയുള്ള പേരുകളിലും "കർത്താവ്" എന്നും കൂടെ വിളിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. സാധാരണ കർത്താവെന്ന വിളി മറ്റ് പേരുകളുടെ ലാഘവത്തോടെയാണ് നാം കാണുന്നതും മനസിലാക്കുന്നതും. എന്നാൽ അതല്ല, കർത്താവെന്ന പേരിന്റെ അർത്ഥം. ഉൾക്കൊള്ളുകയും, അതോടു ചേർന്ന് കർതൃത്വം ഏൽപ്പിച്ചു കൊടുക്കേണ്ടതുമാണ്.

ഇന്ന് നമ്മുടെ ഇടയിൽ വിവിധ വിഷയങ്ങളെക്കുറിച്ചുള്ള ചിന്തകളും പഠനങ്ങളും നടക്കുന്നുണ്ട്. പ്രായോഗിക തലത്തിൽ കർതൃത്വം ദൈവത്തിനു കൊടുക്കുന്നതിൽ നാം പരാജയപ്പെടുകയാണ്. യേശു നമ്മെ വിളിച്ചിരിക്കുന്നത് ശിഷ്യന്മാരായി കീഴടങ്ങിയിരുന്ന് അനുസരിക്കുവാനാണ്. അവന്റെ രക്ഷ നമുക്ക് ലഭിച്ചപ്പോൾ പാപത്തിൽ നിന്ന് വിടുതൽ ലഭിച്ച് യേശുവിങ്കലേക്കാണ് നാം വന്നത്. രക്ഷ എന്നത് ഒരു പരീക്ഷണമല്ല. അത് ആജീവനാന്ത സമർപ്പണമാണ്. രൂപാന്തരമാണ്.

യേശുക്രിസ്തുവിന്റെ കർതൃത്തിൽ എന്താണ് നമ്മുടെ പങ്കാളിത്തം?

1. നമ്മുടെ ജീവിതത്തിന്റെ നിയന്ത്രണം അവന് കൊടുക്കുക. 2. നമ്മുടെ ഉടമസ്ഥാവകാശം ദൈവത്തിന് കൊടുക്കുക. 3. എല്ലാത്തിനും ദൈവത്തെ അനുസരിക്കുക. 4. ക്രിസ്തുവിന്റെ സേവനത്തിനായുള്ള ഒരുക്കം.

നാം യേശുവിന്റെ കർതൃത്വത്തിനായി സമർപ്പിക്കുമ്പോൾ നമ്മുടെ ജീവിതത്തെ രൂപാന്തരപ്പെടുത്തും. ഉള്ളിലെ മനുഷ്യൻ വളർച്ച പ്രാപിക്കത്തക്ക നിലയിൽ ദൈവാത്മാവ് ചില മേഖലകൾ നമ്മെ വെളിപ്പെടുത്തും. ദൈവത്തിന്റെ ലക്ഷ്യം മനുഷ്യനെ യേശുക്രിസ്തുവിനെ പോലെയാക്കുക എന്നതാണ്. (മത്തായി 5 ꞉ 48)

വിശ്വാസികളായ നമുക്കെല്ലാവർക്കും സമൂഹത്തോട് ഉത്തരവാദിത്വമുണ്ടെന്ന് നിങ്ങൾ സമൂഹത്തോടുള്ള ക്രിസ്ത്യാനിക്കുള്ള പ്രതിബന്ധത എന്ന ക്ലാസെടുത്ത

ശേഷം 3-ാം പേജിൽ

# ജ്വലിച്ചണഞ്ഞ പഞ്ചാബിന്റെ ദീപം



*2006ൽ ഡൽഹിയിൽ നടന്ന നാഷ്ണൽ മിഷനറി ചലഞ്ച് കോൺഫറൻസ് വേദിയിൽ നിന്നുള്ള ചിത്രം*

**ഉത്തരേന്ത്യൻ വയലിൽ 52 വർഷം പോരാടിയ കർത്തൃ ദാസൻ വി.റ്റി. ജോൺ (82) സെപ്റ്റംബർ 8–ാം തിയതി വൈകിട്ട് 5.45ന് കർത്തൃസന്നിധിയിൽ ചേർന്നു. മൃതശരീരം 10–ാം തീയതി 100ഓളം സുവിശേഷകൻമാരടങ്ങിയ 250ൽ പരം പേരുടെ സാന്നിദ്ധ്യത്തിൽ സംസ്കരിച്ചു. സഹോ. ജോർജ്ജ് ഡോസൻ വചനം ശുശ്രൂഷിച്ചു. ചില നാളുകളായി രോഗകിടക്കിയിലായിരുന്ന വി.റ്റി. വിശ്വാസത്തിന്റെയും അനുസരണത്തിന്റെയുംപ്രതീകമായിരുന്നു. (*എഡിറ്റർ*)**

**സു**വിശേഷകൻ വി.റ്റി. ജോണിനെക്കുറിച്ചുള്ള അനുസ്മരണം പഞ്ചാബിലേക്ക് സുവിശേഷവുമായി കടന്നുപോയി അനേകർക്ക് രക്ഷയും, വെളിച്ചവും പകർന്ന കർതൃദാസൻ വി.റ്റി. ജോൺ കർതൃസന്നിധിയിലേക്ക് പ്രവേശിച്ചു. കോട്ടയത്തെ പുരാതന യാക്കോബായ കുടുംബത്തിൽ ജനിച്ചു വളർത്തപ്പെട്ട സഹോദരൻ രക്ഷിക്കപ്പെട്ടതോടു കൂടി സ്വന്തഭവനത്തിൽ നിന്ന് വളരെ ഉപദ്രവം സഹിക്കേണ്ടി വന്നു. ബി.എ. പാസായതിനു ശേഷം ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെന്റിൽ ജോലി ലഭിച്ചു. ജോലിയോടുകൂടെ സുവിശേഷ പ്രവർത്തനത്തിൽ സജീവ പങ്കാളിത്തം വഹിച്ചിരുന്ന സമയത്ത് ഒരു ദൈവദാസൻ ചെയ്ത പ്രസംഗം പൂർണ സമയ സുവിശേഷ വേലയ്ക്കായി തന്നെ വെല്ലുവിളിച്ചു. 2 രാജാക്കൻമാർ 7:9–ൽ "അവർ തമ്മിൽ തമ്മിൽ, നാം ചെയ്യുന്നതു ശരിയല്ല, ഇന്ന് സദ്വർത്തമാന ദിവസമല്ലേ, നാമോ മിണ്ടാതിരിക്കുന്നു. നേരം പുലരും വരെ നാം താമസിച്ചാൽ നമുക്ക് കുറ്റം വരും. ആകയാൽ വരുവിൻ, നാം ചെന്ന് രാജധാനിയിൽ അറിവുകൊടുക്ക" എന്ന വാക്യമാണ് അതിനു മുഖാന്തരമായത്. പഞ്ചാബിലേക്ക് വേലയ്ക്കായി പോകുവാൻ ആഗ്രഹിച്ച താൻ ജോലി രാജിവെച്ചതിനു ശേഷം ആദ്യം ഹിന്ദി പഠിക്കുവാൻ അംബാലയിൽ എത്തി. മസൂറിയിൽ പോവുകയും, അൽപ്പകാലം അംബാല സഭയോട് ചേർന്ന് പ്രവർത്തിക്കുകയും ചെയ്തു. ചിലരെ രക്ഷയിലേക്ക് നടത്തി. തുടർന്ന് പഞ്ചാബിലെ ലുധിയാന പ്രവർത്തന ഫലമായി തിരഞ്ഞെടുത്തു.

അന്ന് അവിടെ സഭയോ, സുവിശേഷ പ്രവർത്തനമോ ഉണ്ടായിരുന്നില്ല. അധികം താമസിയാതെ പുതുതായി രക്ഷിക്കപ്പെട്ടുവന്നവരെ ചേർത്ത് ഒരു സഭാസാക്ഷ്യം ആരംഭിച്ചു. പ്രസിദ്ധനായ ന്യൂറോസർജൻ ഡോ. നമ്പൂതിരിപ്പാടിന് ആത്മീയ സത്യങ്ങൾ പറഞ്ഞു കൊടുക്കുന്നതിൽ താൻ ഒരു പങ്ക് വഹിച്ചിട്ടുണ്ട്. ലുധിയാന സഭയിലെ സുവിശേഷകൻ മദൻ പോൾ രക്ഷിക്കപ്പെട്ടത് തന്റെ പ്രവർത്തനം മുഖാന്തിരമാണ്. ലുധിയാന സഭ ശക്തമായതിനു ശേഷം 1971–ൽ ചണ്ഡിഗഡിലേക്കു പോയി. അന്ന് അവിടെയുള്ള എയർഫോഴ്സ് ക്യാമ്പുകളിലും മിസൈൽ യൂണിറ്റുകളിലുമായി ധാരാളം ചെറുപ്പക്കാരായ വിശ്വാസികൾ ഉണ്ടായിരുന്നു. അവരുടെ മുൻപിൽ മാതൃകയായി നടന്ന് അവരെ സുവിശേഷ ഘോഷണത്തിലും, ഉപദേശ സത്യങ്ങളിലും അഭ്യസിപ്പിക്കുവാൻ താൻ അക്ഷീണം പരിശ്രമിച്ചു.

സൈക്കിളിൽ സഞ്ചരിച്ച് ഓരോ സെക്ടറിലും വിടാതെ ഭവന സന്ദർശനവും, പരസ്യയോഗവും നടത്തി ചണ്ഡീഗഡ് പട്ടണത്തിലെ സുവിശേഷ പ്രവർത്തനം നിർവ്വഹിച്ചു. തന്റെ ശിക്ഷണത്തിൽ ആത്മീയ അഭ്യസനം ലഭിച്ച ചില യുവ സഹോദരന്മാർ ഇന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്രിസ്തുവിന്റെ സാക്ഷികളായി ജീവിക്കുന്നു.

2006–ൽ ഡൽഹിയിൽ നടന്ന നാഷണൽ മിഷനറി കോൺഫറൻസിൽ സംബന്ധിച്ച് താൻ നൽകിയ സന്ദേശം പഞ്ചാബിന്റെ സുവിശേഷ സാധ്യത മാത്രമല്ല ഭാരതത്തിന്റെ പൂർണ സുവിശേഷവൽക്കരണമായിരുന്നു വിഷയം. പ്രായം തളർത്തിയ ശരീരവുമായി വേദിയിൽ നിന്ന് താൻ പ്രസംഗിക്കുമ്പോൾ തന്റെ സന്ദേശത്തിൽ ധ്വനിച്ചത് സുവിശേഷത്തോടുള്ള വാഞ്ചയായിരുന്നു.

കോട്ടയം അരീപ്പറമ്പു സ്വദേശി ദീനാമ്മയാണ് ഭാര്യ. അഞ്ച് മക്കൾ – ഗ്രേസ്, മേഴ്സി, ജോയി, ജോജി, ജോസ്.

(Mrs. വി.റ്റി. ജോണിന്റെ വിലാസം
Deena John, House No. 701,
Sector 20C, Chandigarh-160020.
Tel: 0172-2708468)

(സഹോദരൻ കുര്യൻ സി. ഐസക്ക് തയ്യാറാക്കിയ റിപ്പോർട്ടോടെ)

### ആമേൻ, കർത്താവായ യേശുവേ വരേണമേ

## കർത്താവിന്റെ വരവ്

ലോകസംഭവങ്ങൾ ശ്രദ്ധയോടെ വീക്ഷിക്കുന്ന വിശ്വാസികൾക്ക് കർത്താവിന്റെ വരവിനെ കുറിച്ചുള്ള പ്രത്യാശയുടെ കിരണങ്ങൾ കൂടുതൽ വ്യക്തതയോടെ ദർശിക്കുവാൻ കഴിയും. യുദ്ധങ്ങളോ, പ്രകൃതി ദുരന്തങ്ങളോ സംഭവിക്കുമ്പോൾ മാത്രം കർത്താവിന്റെ രണ്ടാം വരവിനെ പറ്റി കൂടുതൽ ചിന്തിക്കുന്ന വിശ്വാസ സമൂഹം ഇതൊന്നുമില്ലാത്തപ്പോൾ അലസതയിലും അശ്രദ്ധരായും കഴിയുന്നത് സാധാരണമാണ്. കഴിഞ്ഞ 2000 വർഷങ്ങളായി ദൈവജനത്തിന്റെ ഏറ്റവും വലിയ ആവേശം ക്രിസ്തുവിന്റെ രണ്ടാം വരവ് തന്നെയാണ്. പക്ഷെ ലോകത്തിന്റെ ബദ്ധപ്പാടുകൾക്കിടയിൽ എങ്ങനെയോ ഇക്കാര്യം വിട്ടുപോയതുപോലെ തോന്നും പലരുടെയും ജീവിതം നോക്കിയാൽ. പൈപ്പ് നന്നാക്കാൻ വിളിച്ചയാൾ വീട്ടിൽ വന്ന് പെയിന്റ് ചെയ്യാൻ തുടങ്ങിയാൽ എങ്ങനെയിരിക്കുമെന്ന് ഓസ്‌വാൾഡ് ജെ. സ്മിത്ത് എന്ന ദൈവദാസൻ ചോദിച്ചിട്ടുണ്ട്. കർത്താവ് എപ്പോൾ വരുമെന്നത് വ്യക്തമല്ലെങ്കിലും അനേക സൂചനകൾ വചനത്തിൽ നൽകപ്പെട്ടിട്ടുണ്ട്. തന്റെ രണ്ടാം വരവിന്റെ ആദ്യപാദമായ മദ്ധ്യാകാശ വരവ് ഏതു നിമിഷത്തിലും സംഭവിക്കത്തക്ക വിധം കാര്യങ്ങൾ ക്രമപ്പെട്ടിരിക്കുന്നത് ഒരു യാഥാർത്ഥമാണ്.

അമേരിക്കയുടെ തകർച്ചയും യൂറോപ്പിന്റെ ഉയർത്തെഴുന്നേൽപ്പും ലോക ഭരണാധികാരിക്കായുള്ള പശ്ചാത്തല ഒരുക്കവും പ്രകൃതിയിൽ വന്നുകൊണ്ടിരിക്കുന്നു. അസാധാരണ മാറ്റങ്ങളും നമ്മുടെ കൺമുമ്പിൽ കാണുന്നതാണല്ലോ. നോഹയുടെ കാലത്തെപ്പോലെ മനുഷ്യപുത്രന്റെ വരവിന്റെ സമയവും ആയിരിക്കുമെന്നത് കർത്താവ് തന്നെ പറഞ്ഞതാണല്ലോ. അന്നത്തെ ദുഷ്ടതയുടെ ഉപകരണങ്ങൾ മാറിയെങ്കിലും വഷളത്വം അതിന്റെ പാരമ്യത്തിലാണ്. പക്ഷെ വിശ്വാസികൾ ഒന്നും അറിയാത്തവരെപ്പോലെ ജീവിച്ചാലോ. വർദ്ധിച്ചുവരുന്ന പീഡനങ്ങൾ നമ്മെ ഉണർത്താൻ വേണ്ടിയല്ലേ. നിസാര കാര്യങ്ങളെപ്പറ്റി വഴക്കിടാനും ഉപദേശത്തിന്റെ തലനാരിഴ കീറി തർക്കിക്കാനും ഇതാണോ സമയം? എം.ഇ. ചെറിയാൻ സാറിന്റെ ഉദാഹരണം ഓർമ്മയിൽ വരുന്നു. "കുട മറക്കാതിരിക്കാൻ ശ്രദ്ധിച്ച ആൾ വീട്ടിൽ മടങ്ങി വന്നപ്പോൾ പല കുടകൾ വാങ്ങാനുള്ള പണമിരുന്ന പേഴ്സ് കാണാനില്ല."

പാപങ്ങൾ ഏറ്റുപറഞ്ഞ് നിലവിളിക്കുകയും സുവിശേഷം ഏതു വിധേനയും അറിയിക്കുകയും വ്യക്തിപരമായി ജീവിത പുതുക്കത്തിനായി സമർപ്പിക്കുകയും ചെയ്യേണ്ട നാം ലോകജാതികളേപ്പോലെ ആയാലോ? 1 യോഹ. 3:3 നമ്മുടെ പ്രതികരണമായിരിക്കട്ടെ. വെളിപ്പാടിന്റെ ഒടുവിൽ ദൈവാത്മാവിന്റെ മുന്നറിയിപ്പ് നമുക്ക് ഗൗരവമായെടുക്കാം. "അഴുക്കുള്ളവൻ ഇനിയും അഴുക്കാകട്ടെ, വിശുദ്ധൻ ഇനിയും തന്നെ വിശുദ്ധീകരിക്കട്ടെ. ഇതാ ഞാൻ വേഗം വരുന്നു." ലഭ്യമായ സമയം കൊണ്ട് വരുംകാലത്തേക്ക് നല്ലൊരു അടിസ്ഥാനം നിക്ഷേപിക്കാം. അന്യോന്യം ധൈര്യപ്പെടുത്തിക്കൊണ്ട് നമുക്ക് പറയാം, ആമേൻ കർത്താവായ യേശുവേ വരേണമേ. മാറാനാഥാ!

— *എഡിറ്റർ ഇൻ ചാർജ്ജ്.*

## ചിൽഡ്രൻസ് ക്ലബ്ബ്



# മൂന്ന് പൂച്ചക്കുട്ടികൾ



**ജി**മ്മിയുടെ വീട്ടിൽ മൂന്ന് പൂച്ചക്കുട്ടികൾ ഉണ്ടായിരുന്നു. കിറ്റിയും, റ്റിറ്റിയും, ടുട്ടിയും. മൂന്ന് പൂച്ചക്കുട്ടികൾക്കും എല്ലാ മുറികളിലും കയറിയിറങ്ങാനുള്ള സ്വാതന്ത്ര്യമുണ്ടായിരുന്നു. എന്നാൽ ജിമ്മിയുടെ ഏറ്റവും പ്രിയപ്പെട്ട പൂച്ചയായിരുന്നു കിറ്റി.

"ഈ പഞ്ഞിക്കുട്ടനെയാണ് എനിക്കേറെയിഷ്ടം ഇതു കണ്ടോ .... ഒരു വഴക്കുമില്ലാതെ ഇവൻ അടങ്ങിയിരിക്കുന്നത്.'' ജിമ്മി ഇടയ്ക്കിടെ അങ്ങനെ പറയാറുണ്ടായിരുന്നു.

ജിമ്മി എവിടെയെങ്കിലും ഇരിക്കുന്നത് കണ്ടാൽ, കിറ്റി ഉടനെ അവിടെയെത്തും. എന്നിട്ട് ജിമ്മിയുടെ കാലുകളിൽ മുട്ടിയുരുമ്മി "മ്യാവൂ" എന്ന് മെല്ലെ കരഞ്ഞുകൊണ്ട് യജമാനന്റെ കണ്ണുകളിലേക്കുറ്റു നോക്കി നിൽക്കും. ജിമ്മി അവനെ എടുത്ത് മടിയിൽ വെച്ച് താലോലിക്കും വരെ കിറ്റി ക്ഷമയോടെ കാത്തു നിൽക്കും.



റ്റിറ്റി പൂച്ച അൽപ്പം വ്യത്യസ്തനാണ്. ആരെങ്കിലും അടുത്തേക്ക് ചെല്ലുന്നതു കാണുമ്പോഴേ അവൻ വഴുതി മാറിക്കളയും. ആരോടും അത്ര അടുപ്പമൊന്നുമില്ല എല്ലാവരേയും ഒരു സംശയത്തിന്റെ കണ്ണുകളിലൂടെയാണ് റ്റിറ്റി കാണുന്നത്.

"നമുക്കവനെ കിട്ടും മുമ്പെ അവനെ വളർത്തിയിരുന്ന വീട്ടിലെ കുട്ടികൾ റ്റിറ്റിയെ ഒത്തിരി ഉപദ്രവിക്കുമായിരുന്നു. അതാണവന് എല്ലാവരേയും ഒരു ഭയം". ജിമ്മിയുടെ മമ്മി പറഞ്ഞു.

"പക്ഷെ ഈ ടുട്ടിയാണ് ഭീകരൻ ഇവൻ വെറും പൂച്ചയല്ല. പുലിയാണ്'' ജിമ്മിയുടെ ഡാഡി അഭിപ്രായപ്പെട്ടു.

ആരെങ്കിലും എടുക്കാൻ ചെന്നാൽ ടുട്ടിയുടെ മട്ടും മാതിരിയുമെല്ലാം മാറും. ഒരു വില്ലുപോലെ ശരീരം വളച്ച്, നഖങ്ങളെല്ലാം പുറത്തെടുത്ത്, രോമങ്ങൾ വിടർത്തി, യുദ്ധത്തിനൊരുങ്ങി നിൽക്കുന്ന ഒരു പോരാളിയെപ്പോലെ ആക്രമാസക്തനാകും ടുട്ടി. ആരെങ്കിലുമൊന്ന് തൊട്ടാൽ പിന്നെ പറയുകയും വേണ്ട. അവരുടെ ശരീരത്തേക്ക് ചാടിക്കയറി, നഖമിറക്കി അവരെ പരുക്കേൽപ്പിച്ചുകളയും. അതുകൊണ്ട് ആരും ടുട്ടിപ്പൂച്ചയെ സമീപിക്കാറില്ല.

"ദൈവത്തോട് ആളുകൾ പലതരത്തിൽ പെരുമാറുന്നതിനെക്കുറിച്ചാണ് ഞാനിപ്പോൾ ഓർത്തത്" വായിച്ചുകൊണ്ടിരുന്ന പുസ്തകം താഴെ വച്ചിട്ട് ജിമ്മിയുടെ ഡാഡി അഭിപ്രായപ്പെട്ടു.



''നമ്മൾ എവിടെയിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നുവോ, അവിടെ ശാന്തരായി ഇരിക്കുവാനും, ദൈവത്തിന് ഇഷ്ടമുള്ള കാര്യങ്ങൾ ചെയ്യുവാനും ദൈവത്തിന്റെ മുഖം അന്വേഷിക്കുവാനും താൽപര്യം കാണിക്കുന്ന ഒരു കൂട്ടരുണ്ട്"

''കിറ്റി പൂച്ചയെപ്പോലെ അല്ലേ ഡാഡി'' ജിമ്മി ചോദിച്ചു.

''അതെ, എന്നാൽ മറ്റൊരു കൂട്ടരുണ്ട്. റ്റിറ്റിയെപ്പൊലെയാണവർ. എന്തിനെയും സംശയത്തോടെ മാത്രം കാണുന്നവർ. എപ്പോഴും ശങ്കാകുലരാണവർ. തങ്ങളുടെ ദൈവത്തിൽ അവർക്ക് വിശ്വാസവും ആശ്രയവുമില്ല."

"ടുട്ടിയെപ്പോലുള്ളവരും കാണുമല്ലോ അല്ലേ ഡാഡി".

"തീർച്ചയായും. അവർക്ക് ദൈവത്തിന്റെ വഴികളോടൊന്നും താൽപര്യമില്ല. സ്വന്തം പ്ലാനുകളാണവർക്ക്. ദൈവം അവർക്ക് ഒരു നന്മയും ചെയ്യുകയില്ലെന്നാണവരുടെ വിചാരം. അതുകൊണ്ട് അവർ എപ്പോഴും ദൈവത്തെ എതിർക്കുന്നവരായിരിക്കും."

"ഡാഡീ......... ഞാൻ കിറ്റിപ്പൂച്ചയെപ്പോലെയാ....'' ജിമ്മി പറഞ്ഞു.

''ജിമ്മിക്കുട്ടാ..... നീ പറഞ്ഞത് എപ്പോഴും സത്യമാണോ?" മമ്മിയാണ് അത് ചോദിച്ചത്. അതു കേട്ടില്ലെന്ന ഭാവത്തിൽ ജിമ്മി കിറ്റിയെ കളിപ്പിച്ചുകൊണ്ടിരുന്നു.

ഇഷ്ടമില്ലാത്ത ഒരു സ്ക്കൂൾ, വീട് എന്നിങ്ങനെ വൈഷമ്യകരമായ ഏതെങ്കിലും ഒരു സാഹചര്യത്തിലാണോ ദൈവം നിങ്ങളെ ആക്കിയിരിക്കുന്നത്. നിങ്ങളുടെ സാഹചര്യങ്ങളെ ഓർത്ത് വിഷമിക്കുകയോ, പരിഭവിക്കുകയോ വേണ്ട. ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കുക. സ്വന്തം പദ്ധതികളും വഴികളും മാറ്റിവെച്ച് ദൈവത്തിന്റെ വഴിയിൽ നടക്കാൻ തീരുമാനിക്കുക. നിങ്ങൾക്ക് ഏറ്റവും നല്ലതേതെന്ന് സ്നേഹവാനായ ദൈവത്തിന് അറിയാം. അവനെ വിശ്വസിക്കുക.

***ജോർജ്ജ് കോശി***, മൈലപ്ര.

വാർത്തകൾ അയക്കേണ്ട വിലാസം: Thomas John, Hebron, Doctors Garden, Medical College P.O., Thiruvananthapuram, 695 011. Tel : 94473 41237 E-mail : thomasjohntvm@gmail.com

റിന്യൂവൽ വിശ്വാസത്തിന്റെ ഒരു കാൽവെയ്പ്പാണ്. ദൈവം മനസ്സുണർത്തുന്നവർ സാമ്പത്തീക സഹകരണം താഴെ കാണുന്ന വിലാസത്തിൽ അയക്കുക.

ചെക്കുകളും ഡ്രാഫ്റ്റുകളും – Renewal, P.B.No. 2665, Broadway, Ernakulam - 31. എന്ന വിലാസത്തിലും. മണി ഓർഡറുകൾ – Shombay Poothuran, Renewal, Broadway P.O., Ernakulam - 682 031. എന്ന വിലാസത്തിൽ മാത്രവും അയക്കുക. Bank A/c. No. 21, North Malabar Gramin Bank, Main Branch, EKM. Ph : 0484-2365391

**ഒരു വർഷം ഇന്ത്യയിൽ ഈ മാസിക നിങ്ങളുടെ കൈയ്യിൽ എത്തിക്കുന്നതിന് കുറഞ്ഞത് 50 രൂപ. ചിലവ് പ്രതീക്ഷിക്കുന്നു. വിദേശത്തേക്ക് 500 രൂപ. സാമ്പത്തിക സഹകരണം എറണാകുളം അഡ്രസ്സിൽ മാത്രം അയയ്ക്കുക.**

**റിന്യൂവൽ ടീം:**
**തോമസ് ജോൺ (തിരുവനന്തപുരം), വർഗ്ഗീസ് ചാക്കോ (ബാംഗ്ലൂർ), ജോൺ കുര്യൻ (കോട്ടയം), കെ. തോമസ് മാത്യു (തിരുവല്ല), ജെയിംസ് വർഗ്ഗീസ് (തിരുവനന്തപുരം), ബാബു ജോൺ (നെയ്‌വേലി).**
**എഡിറ്റർ ഇൻ ചാർജ്ജ് – കെ. തോമസ് മാത്യു,**
**കൺസൽട്ടന്റ് എഡിറ്റർ – വർഗ്ഗീസ് ചാക്കോ,**
**ന്യൂസ് എഡിറ്റർ – തോമസ് ജോൺ,**
**ഫിനാൻസ് എക്സിക്യൂട്ടീവ് – ഷോംബെ പുത്തൂരാൻ**
**പ്രൊമോഷൻ കോ–ഒർഡിനേറ്റർ – റെജി മാത്യു**
**പബ്ലിഷർ – ടെൻസൻ ജോസഫ്.**

**YOUTH GUIDE**

# കെടാതെ സൂക്ഷിച്ച ഊർജ്ജം

"ആകയാൽ യഹോവ അന്നു കല്പിച്ച ഈ മല ഇപ്പോൾ എനിക്കു തരിക..." എൺപത്തിയഞ്ച് വയസ്സുള്ള കാലേബിന്റെ വാക്കുകളാണിത്. ഈ വാക്കുകൾക്ക് ആധാരമായ സംഭവം നടക്കുന്നത് നാൽപതിലേറെ വർഷങ്ങൾക്ക് മുൻപാണ്. മോശയുടെ നേതൃത്വത്തിൽ യിസ്രായേൽ മക്കൾ മിസ്രയിമിൽ നിന്നു പുറപ്പെട്ട് ചെങ്കടൽ കടക്കുന്ന് മരുഭൂമിയിലൂടെ കാനാൻ ലക്ഷ്യമാക്കി നടന്നു. ചില വർഷങ്ങൾ എടുത്തു ഈ യാത്ര കാനാനിന്റെ അതിർത്തിയായ കാദേശിൽ എത്തുവാൻ. ഈ കാദേശിൽ രണ്ടു തവണ ഇസ്രായേൽ ജനം പാളിയമിറങ്ങി. രണ്ടാം തവണ പളയമിറങ്ങിയപ്പോൾ മോശെ വയസുചെന്ന വൃദ്ധനായിരുന്നു. മാത്രമല്ല മോശെ കാനാനിൽ ചെല്ലില്ല എന്ന് ദൈവം കൽപ്പിക്കുകയും ചെയ്തിരുന്നു. ആ സമയത്താണ് യിസ്രയേൽ പ്രഭുക്കൻമാരായ ചില പുരുഷൻമാരെ മോശെ കാനൻ ദേശം ഒറ്റുനോക്കുവാൻ അയക്കുന്നത് (സംഖ്യ 13:1217). അനാക്യർ താമസിക്കുന്ന കാനാനിൽ ഈ പുരുഷൻമാർ നാൽപത് ദിവസം ചാരൻമാരായി താമസിച്ചു. അതിനുശേഷം യോശുവയും, കാലേബും ഒഴിച്ചുള്ളവർ മോശെയോടു പറഞ്ഞു മല്ലൻമാരെ കൊണ്ടുനിറഞ്ഞ ആദേശം പിടിച്ചെടുക്കുവാൻ സാധിക്കുകയില്ല. എന്നാൽ യോശുവയും കാലേബും അവരെ ജയിക്കുവാൻ നമുക്ക് കഴിയും എന്ന് മോശെയോടു പറഞ്ഞു. എന്നാൽ മറ്റ് പുരുഷൻമാരുടെ വാക്കുകൾ യഹോവയെ കോപിപ്പിച്ചു. (സംഖ്യ 14:26-37). ബാധയേറ്റു ആ പുരുഷൻമാർ മരിച്ചു എന്നു മാത്രമല്ല നാൽപത് വർഷം കാദേശിൽ നിന്ന് അവർക്ക് മുന്നോട്ടു പോകുവാകാത്തവണ്ണം യഹോവ അവരിൽനിന്ന് അകന്നു. ആ കാലയളവിൽ ജനം കാദേശിൽ അലഞ്ഞുതിരിഞ്ഞു നടന്നു. മോശെ മരിച്ചു. നാൽപത് വർഷം കഴിഞ്ഞപ്പോൾ ദൈവം അവരെ വീണ്ടും സന്ദർശിച്ചു. അന്ന് എൺപത്തിയഞ്ച് വയസായ കാലേബിന്റെ വാക്കുകളാണ് ആമുഖമായികുറിച്ചത്. നാൽപത് വർഷം കെടാതെ സൂക്ഷിച്ച ഒരു തീയാണ് അന്ന് ആളികത്തിയത്. യുവാവയിരുന്നപ്പോൾ ദൈവത്തിൽ നിന്ന് ആർജിച്ച ഊർജ്ജം അതേ ബലത്തോടെ താൻ സൂക്ഷിച്ചു.

യൗവനക്കാർ ചില കാര്യങ്ങൾ പ്രവർത്തിക്കുവാൻ ആഗ്രഹമുള്ളവരാണ്. എന്നാൽ ചെയ്യാനുദേശിക്കുന്ന കാര്യങ്ങളിൽ ഉണ്ടാകുന്ന പ്രതിസന്ധി അവരെ പിന്നോട്ടടിപ്പിക്കാനും, എടുത്ത തീരുമാനത്തിൽ നിന്ന് പിൻമാറിപോകുവാനും സാധ്യതയുണ്ട്. എന്നാൽ കാലേബിനെ നോക്കുക. തന്റെ തീരുമാനം ഒരു നിധിപോലെ ഹൃദയത്തിൽ സൂക്ഷിച്ചു. മാറ്റുപോകാതെ അതിന് കൂടുതൽ മൂർച്ചയേറിവന്നു. നാൽപതാം വയസിൽ താൻ എങ്ങനെയായിരുന്നോ, അതുപോലെ എൺപത്തിയഞ്ചാം വയസിലും. നമുക്ക് ദൈവം നൽകുന്ന പദ്ധതികൾ ദൈവത്തിന്റെ സമയം വരെ സൂക്ഷിക്കുവാൻ, തുടക്കത്തിലുള്ള ആർജവത്തോടെ സൂക്ഷിക്കാൻ ഇടയാകട്ടെ !

*ടെൻസൺ ജോസഫ്*
*എറണാകുളം*

**കുടുംബ വേദി**



# പ്രതിഫലിപ്പിക്കുന്ന ഭവനം



സ്വർഗ്ഗത്തിലെ നമ്മുടെ ഭവനങ്ങളെ പ്രതിഫലിപ്പിക്കുന്നതായിരിക്കണം ഈ ലോകത്തിലെ നമ്മുടെ ഭവനങ്ങൾ. ആദിമ നൂറ്റാണ്ടിലെ കുടുംബങ്ങൾ തങ്ങളുടെ ഭവനങ്ങൾ തുറന്നിട്ടതായിക്കാണാം. പത്രോസ് തോൽക്കൊല്ലനായ ശീമോന്റെ കൂടെ വളരെ നാൾ യോപ്പയിൽ പാർത്തു എന്നു നാം കാണുന്നു. (അപ്പോ. 9:43) സുവിശേഷത്തിനായി തുറന്നതായിരുന്നു യോപ്പയിലെ ആ ഭവനം. മാത്രമല്ല കുടുംബങ്ങളിലുണ്ടായിരുന്ന കൂട്ടായ്മയുടെ മനോഹരമായ ഒരു ചിത്രവും നമുക്ക് കാണുവാൻ കഴിയും. (റോമർ 16 : 3-5). പുതിയ വിശ്വാസികളുടെ ആത്മീയ വളർച്ചയ്ക്കും ഭവനങ്ങൾ ഉപകരിച്ചതായും പറയുന്നുണ്ട്. അലക്സാന്ത്രിയക്കാരനായ അപ്പൊല്ലോസ് എഫെസോസിൽ വന്നപ്പോൾ തന്നെ ചേർത്തു കൊണ്ടത് അക്വിലാസും പ്രിസ്കില്ലയുമാണ്. (അപ്പൊ. 18 : 24-28) വളരെ എരിവുള്ളവനായിരുന്നെങ്കിലും യേശുവിനെ കുറിച്ച് സ്പഷ്ടമായി മനസിലാക്കിയത് ഈ ഭവനത്തിൽ വെച്ചാണ്. ഇതിൽ നിന്ന് നാം മനസിലാക്കേണ്ട കാര്യം സുവിശേഷം ഏറ്റവും നന്നായി പറയുവാനും വേദ സത്യങ്ങൾ പഠിപ്പിക്കുവാനും കഴിയുന്ന ഒരു അന്തരീക്ഷം കുടുംബത്തിനുണ്ടെന്നതാണ്. നന്മ, കരുണ, അതിഥി സൽക്കാരം, വിനയം, താഴ്മ, സഹകരണം ഇതെല്ലാം പ്രായോഗികമാക്കുവാൻ കുടുംബത്തിൽ സാധിക്കും. ആത്മീകമായി ചിലരെ വളർത്തിക്കൊണ്ടുവരാൻ ഈ കാലയളവിലും ദൈവം വിശ്വാസ ഭവനങ്ങളെ കുറിച്ച് ആഗ്രഹിക്കുന്നു. ഒരു കുടുംബത്തിലെ ആത്മീക അന്തരീക്ഷത്തിലേക്ക് വരുന്ന ഒരു പുതുവിശ്വാസിക്ക് അനുഭവപ്പെടുന്ന പുതുമ പറഞ്ഞറിയിക്കാവുന്നതല്ല. കുടുംബാംഗങ്ങൾ ഒന്നാകെ സ്നേഹിക്കുകയും, അംഗീകരിക്കുകയും ചെയ്യുമ്പോൾ കടന്നു വരുന്ന വ്യക്തിയുടെ ഹൃദയം എത്രമാത്രം സ്വാധീനിക്കപ്പെടും. ദൈവം സ്ഥാപിച്ച രണ്ട് സ്ഥാപനങ്ങളാണല്ലോ സഭയും കുടുംബവും. ഇതിൽ രണ്ടിലും നടക്കേണ്ട പ്രക്രിയ ഒന്നുതന്നെയെങ്കിലും കുടുംബത്തിൽ നിന്നു ലഭിക്കുന്ന സ്നേഹോഷ്മളത മറ്റൊന്നാണ്. എന്നാൽ കുടുംബങ്ങൾ ആ നിലവാരത്തിൽ പണിയപ്പെടണം. കുടുംബ പ്രാർത്ഥന മുതൽ അടുക്കും ചിട്ടയുമായ ആത്മീയ പ്രവർത്തനങ്ങൾ വരെ ഭവനങ്ങളിലുണ്ടാകണം. കുട്ടികളിൽ വളർത്തിയെടുക്കേണ്ട നല്ല ശീലങ്ങളിൽ ശ്രദ്ധിക്കണം. നമ്മുടെ വാക്കുകളിൽ, പ്രവർത്തിയിൽ എല്ലാം ദൈവത്തിന്റെ നിലവാരമുണ്ടായിരിക്കണം. എങ്കിൽ മാത്രമെ പ്രയോജനമുള്ള ഒരു തുറന്ന ഭവനമായി തീരുകയുള്ളൂ.

*- സ്റ്റാൻലി & ഫാനി.*

# ആശാകിരൺ

**ഏ**ഷ്യയിലെ ഏറ്റവും ജനസാന്ദ്രതയേറിയ എറണാകുളം ജില്ലയിലെ വൈപ്പിനിൽ ആശാകിരൺ എന്ന പേരിൽ ഏകദിന സുവിശേഷ സംഗീത സായാഹ്നം സെപ്റ്റംബർ 21 ഞായറാഴ്ച നടന്നു. 2005 ജനുവരിയിൽ എറണാകുളം പട്ടണത്തിൽ ഈ പേരിൽ മൂന്നു ദിവസത്തെ സുവിശേഷ യോഗങ്ങൾ നടന്നിരുന്നു. അതിനുശേഷം ആ യോഗങ്ങളുടെ അനുധാവന പ്രവർത്തനങ്ങൾ നടന്നു. ഈ വർഷം ഓണാഘോഷങ്ങൾക്കൊപ്പം സുവിശേഷം അറിയിക്കുക എന്ന ലക്ഷ്യത്തോടെയാണ് വൈപ്പിനിലെ ഞാറയ്ക്കലിൽ യോഗങ്ങൾ ക്രമീകരിച്ചത്. 1986ലെ മദ്യദുരന്തത്തിന്റെ പശ്ചാത്തലത്തിലാണ് വൈപ്പിനിൽ നമ്മുടെ സുവിശേഷപ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. കോട്ടയത്തുനിന്നുള്ള ചില സഹോദരൻമാർ ഇവിടെ വന്ന് പ്രവർത്തിച്ചതിന്റെ ഫലമായി ചിലർ മുന്നോട്ടുവന്നു. അതിനുശേഷം ചില സുവിശേഷകർ ഇവിടെ താമസിച്ചു പ്രവർത്തിച്ചതിന്റെ ഫലമായാണ് വൈപ്പിൻ സഭയിൽ പിന്നീട് പനമ്പുകാട്, നായരമ്പലം സഭയും ഉണ്ടായത്.

മാസ്റ്റേഴ്സ് വോയിസ്(കോട്ടയം)ന്റെ സംഗീത വിരുന്നൊരുക്കി. സഹോ. തിരുവട്ടാർ ആർ. കൃഷ്ണൻകുട്ടി സന്ദേശം നൽകി. ദ്വീപിന്റെ പല ഭാഗങ്ങളിൽനിന്നും പട്ടണത്തിൽ നിന്നുമായി ആയിരത്തോളം പേർ പങ്കെടുത്തു. വൈപ്പിൻ, പനമ്പുകാട്, നായരമ്പലം സഭകളുടെ സഹകരണത്തിൽ എറണാകുളം പട്ടണത്തിലെ സഭകളിൽ നിന്നുള്ള സഹോദരൻമാരും ചേർന്നാണ് യോഗം സംഘടിപ്പിച്ചത്. യോഗത്തിൽ നിന്ന് ചിലരെ അന്വേഷകരായി ലഭിച്ചിട്ടുണ്ട്.



*ആശാകിരൺ സുവിശേഷ സംഗീത സായാഹ്നത്തിൽ പങ്കെടുത്തവർ*

# ഒറീസ്സയിൽ അതിക്രമം...

*1-ാം പേജിൽ നിന്ന് തുടർച്ച*

കെട്ടിടം പൂർണമായി ആക്രമികൾ തീവെച്ച് നശിപ്പിച്ചു. ഇപ്പോൾ സഹോദരനും കുടുംബവും പോലീസിന്റെ സംരക്ഷണയിലാണ്. ഒറീസ ഫോളോപ്പ് മിനിസ്ട്രീസിന്റെ പ്രവർത്തകനായിരുന്ന തന്റെ ഇളയ സഹോദരനെ അക്രമികൾ തീവെച്ചു കൊന്നു. സഹോദരൻ കൊല്ലപ്പെട്ട സ്ഥലത്തേക്ക് കേന്ദ്രപോലീസ് സേനയ്ക്ക് ചെന്നെത്തുവാൻ കഴിയാത്തതുകൊണ്ട് ഇതുവരെയും തന്റെ ശരീരം കണ്ടെത്താനായിട്ടില്ല.

ഏതാണ്ട് എല്ലാ സ്ഥലത്തെയും സുവിശേഷകരും വിശ്വാസികളും ഇപ്പോഴും വർഗ്ഗീയ വാദികളുടെ ഭീഷണിയിലാണ്. ഗോപാൽപൂർ സഭയിലെ 40ഓളം വരുന്ന വിശ്വാസികൾ ആറ് ദിവസത്തോളം കാട്ടിലൂടെ നടന്ന് മറ്റൊരു സ്ഥലത്ത് എത്തിചേർന്ന് രക്ഷപ്പെടുകയായിരുന്നു. മിക്കവാറും ഇവരുടെ ഭവനങ്ങൾ തീക്കിരയാക്കി. കഴിഞ്ഞ ചില ആഴ്ചകളായി സഭാ യോഗങ്ങൾ പല സ്ഥലങ്ങളിലും നടക്കുന്നില്ല. സുവി. സി.പി. മാത്യു പ്രവർത്തിക്കുന്ന ഭുവനേശ്വറിൽ ചില പള്ളികൾ തകർക്കപ്പെട്ടങ്കിലും നമ്മുടെ സഭയ്ക്കോ വിശ്വാസികൾക്കോ ഒന്നും സംഭവിച്ചിട്ടില്ല.



*ഒരു ക്രിസ്തീയ സ്ഥാപനത്തിന്റെ തകർക്കപ്പെട്ട വാഹനം*

ഒറീസയിലുണ്ടായ അതിക്രമങ്ങൾ കർണ്ണാടകയിലേക്കും വ്യാപിക്കുന്ന കാഴ്ചയാണ് കഴിഞ്ഞ ആഴ്ചയിൽ നാം കണ്ടത്. സുവിശേഷ പ്രവർത്തനങ്ങൾക്കും ക്രിസ്ത്യാനികൾക്കും നേരെയുള്ള ഈ പിഢനത്തിൽ ദൈവജനത്തിന് ചെയ്യുവാൻ ഒന്നേയുള്ളൂ. ദൈവമുമ്പാകെ മുട്ടുകുത്തുക. ദൈവജനത്തിന്റെ വിടുതലിനും, സുവിശേഷ വ്യാപ്തിക്കും വേണ്ടി പ്രാർത്ഥിക്കുമ്പോൾ ദൈവം സന്ദർശിക്കും നമ്മുടെ രാജ്യത്തെ.

# കോളജ് സ്റ്റുഡൻസ് ക്യാമ്പ്

*1-ാം പേജിൽ നിന്ന് തുടർച്ച*

സഹോ. ജെയിംസ് വർഗ്ഗീസ് പറഞ്ഞു. നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു എന്ന് പറഞ്ഞാൽ അതിന്റെ ആശയം വെളിപ്പെടുത്തുന്നത് സമൂഹത്തോടുള്ള ബന്ധത്തിലാണ്. ഒരു വിശ്വാസിയായി മാത്രം ജീവിച്ചാൽ കാരമില്ലാത്ത ഉപ്പു പോലെയാണെന്ന് ലൂക്കോസിൽ വ്യക്തമാണ്. നമ്മുടെ ചുറ്റും കണ്ണു തുറന്നു നോക്കിയാൽ സമൂഹത്തിൽ നമുക്ക് ചെയ്യുവാൻ അനേക കാര്യങ്ങളുണ്ട്. ഈ കാര്യങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുമ്പോൾ പ്രവർത്തിക്കാനുള്ള ശക്തി ദൈവം നമുക്ക് നൽകും.

# വിവാഹവേദി

അനേക യുവതീയുവാക്കൾക്ക് അനുയോജ്യരായ പങ്കാളികളെ കണ്ടെത്താൻ അവരുടെ മാതാപിതാക്കളേയും ബന്ധുക്കളേയും സഹായിക്കാ നുള്ള ഒരു സൗജന്യ ശുശ്രൂഷയാണ് - 'വിവാഹവേദി'. വിവാഹം ദൈവഹിത പ്രകാരം നടക്കണം. ഭൗതീക താൽപര്യങ്ങൾക്ക് പ്രാധാന്യം നൽകുന്ന പരസ്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതല്ല. **റിന്യൂവൽ വരിക്കാരുടെ പരസ്യങ്ങളേ സൗജന്യമായി പ്രസിദ്ധീകരിക്കുകയുള്ളൂ. അല്ലാത്തവയ്ക്ക് ന്യൂസ് എഡിറ്ററുമായി ബന്ധപ്പെടുക.** പരസ്യങ്ങൾ തരുന്നവർ പേരും മേൽവിലാസവും അറിയിക്കണം.

**WANTED BRIDE GROOM**

**RM No : 828 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 27 വയസ്സ് 5'6" ഉയരം. MDS ലുധിയാനയിൽ ജോലി.

**RM No : 829 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 22 വയസ്സ് 5'1" ഉയരം. B.Sc. Nurse. ജോലിയുണ്ട്.

**RM No : 830 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 32 വയസ്സ് 5'1" ഉയരം. ടെയ്ലറിങ്ങ്.

**RM No : 831 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 24 വയസ്സ് 5'3" ഉയരം. B.Sc. Nurse.

**RM No : 832 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 19 വയസ്സ് 5'4" ഉയരം. SSLC.

**RM No : 833 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 26 വയസ്സ് 5'4" ഉയരം. B.Sc. Nurse.

**RM No : 834 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 25 വയസ്സ് 5'3" ഉയരം. B.Sc. Nurse ഗൾഫിൽ ജോലി.

**WANTED BRIDE**

**RM No : 835 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 31 വയസ്സ് 5' 3" ഉയരം. സൗദിയിൽ അക്കൗണ്ടന്റായി ജോലി.

**RM No : 836 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 28 വയസ്സ് 5' 2" ഉയരം. ഗ്രാഫിക് ഡിസൈനർ, ഗൾഫിൽ ജോലി.

**RM No : 837 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ്. 28 വയസ്സ് 5'8" ഉയരം. Electronics ബാംഗ്ലൂരിൽ സ്വന്തമായി സ്ഥാപനം നടത്തുന്നു.

**RM No : 838 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 26 വയസ്സ് 5'8" ഉയരം. MCA.

**RM No : 839 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 27 വയസ്സ് 5' ഉയരം. കംപ്യൂട്ടർ ബിസിനസ്സ്, അമേരിക്കയിൽ.

**RM No : 840 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 25 വയസ്സ്. MBBS.

വിവാഹ വേദിയിലെ അന്വേഷണങ്ങൾ ബന്ധപ്പെട്ടവർക്ക് എത്തിക്കുന്നതാണ്. തുടർന്നുള്ള കാര്യങ്ങൾക്ക് നേരിട്ടേർപ്പെടുക. വിവാഹ വേദിയിലെ അന്വേഷണങ്ങൾക്ക് പകൽ 10 മുതൽ 5 വരെ **0484 2432896** എന്ന നമ്പറിൽ ബന്ധപ്പെടുക.

### സുവിശേഷ യോഗം

ഇലന്തൂർ പരിയാരം ബ്രദ്റൻ സഭയുടെ ആഭിമുഖ്യത്തിൽ സുവിശേഷയോഗവും ഗാനശുശ്രൂഷയും നടക്കുന്നു. ഇലന്തൂർ പഞ്ചായത്ത് സ്റ്റേഡിയത്തിൽ നടക്കുന്ന യോഗത്തിൽ തിരുവട്ടാർ ആർ. കൃഷ്ണൻകുട്ടി, പി.എസ്. തമ്പാൻ എന്നിവർ സന്ദേശങ്ങൾ നൽകും. നവംബർ 21 മുതൽ 23 വരെ എല്ലാ ദിവസവും വൈകിട്ട് 6.30ന് യോഗം ആരംഭിക്കും. – കെ.എ. ജോർജ്ജ്, റ്റി.ജെ. തോമസ്.

### കോട്ടയം കൺവൻഷൻ

ഈ വർഷത്തെ കോട്ടയം കൺവൻഷൻ ഡിസംബർ 1 മുതൽ 7 വരെ നടക്കുന്നു. സുവിശേഷ യോഗങ്ങൾ എല്ലാ ദിവസവും വൈകിട്ട് തിരുനക്കര മൈതാനിയിൽ നടക്കും. സുവിശേഷകൻമാരുടെ യോഗം 2–ാം തീയതി രാവിലെ 10 മണിക്കും, സോദരി സമ്മേളനം 6–ാം തീയതി ശനിയാഴ്ച ഉച്ചയ്ക്ക് 2 മുതൽ 4 വരെയും കോട്ടയം സഭാ ഹാളിൽ നടക്കും. ഞായറാഴ്ച ആരാധനായോഗം 10 മണിക്കും, യുവജന സമ്മേളനം വൈകിട്ട് 4 മണിക്ക് കെ.പി.എസ്. മേനോൻ ഓഡിറ്റോറിയത്തിലും നടക്കും. എം.എം. സക്കറിയ, ജോൺ കുര്യൻ, വർഗ്ഗീസ് കുര്യൻ, ജോസ് മാങ്കുടി, ഡോ. കോശി മാത്യു, ചാണ്ടപ്പിള്ള ഫിലിപ്പ്, ജോയി ജോൺ എന്നിവർ സന്ദേശങ്ങൾ നൽകും. കൺവെൻഷനുവേണ്ടി മാത്യു എബ്രഹാം.

### അൾവാർ യൂത്ത് ക്യാമ്പ്

അൾവാർ യൂത്ത് ക്യാമ്പ് ദസറയുടെ അവധി ദിവസങ്ങളായ ഒക്ടോബർ 8 മുതൽ 12 വരെ ജോർജ്ജി റിസോർട്ടിൽ നടക്കും. ക്യാമ്പിനുവേണ്ടി ടി. ജെ. ജോസഫ്, അമർജിത്ത്, പി.ഡി.സാമുവൽ

### അറിയിപ്പ്

സഹോ. ബേബിച്ചൻ കീമറ്റം മലാംകടവ് സഭയോട് ചേർന്ന് ഈ നാളുകളിൽ മലാംകടവ്, പാലവയൽ എന്നീ സ്ഥലങ്ങളിൽ പ്രവർത്തിച്ചുവരുന്നു. സഹോദരന്റെ പ്രവർത്തനങ്ങൾക്കുവേണ്ടിയും കുടുംബത്തിനുവേണ്ടിയും പ്രാർത്ഥിക്കുക. വിലാസം – Babichan Keemattom, Bethania, Malamkadavu, Palavayal P.O., Cherupuzha (Via), Kasargod. സഭയ്ക്കുവേണ്ടി എം.എ. രാജു, തോമസ് കെ.ജെ, ബോബി.

### തിരുവല്ല മെഡിക്കൽ മിഷൻ സ്ഥാപനങ്ങളുടെ പൊതുസമിതി യോഗം

ദിവാൻ ബഹദൂർ ഡോ. വി. വർഗ്ഗീസ് ഹോസ്പിറ്റൽ ട്രസ്റ്റ് അസോസ്സിയേഷന്റെ പൊതുസമിതി യോഗം 2008 ഓഗസ്റ്റ് 15–ാം തീയതി രാവിലെ 10 മണിക്ക് റ്റി.എം.എം. ഓഡിറ്റോറിയത്തിൽ കൂടുകയും കഴിഞ്ഞവർഷത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും ചെയ്തു. കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ട പ്രൊ. ചെറിയാൻ മാത്യു, ഭരണസമിതിയിൽ നിന്നും രാജിവെച്ചൊഴിഞ്ഞ ഡോ. ചാൾസ് അബ്രഹാം, ഭരണസമിതിയിലെ കാലാവധി തികച്ച സഹോ. ജോർജ്ജ് വർഗ്ഗീസ് എന്നിവരുടെ ഒഴിവിലേക്ക് സഹോദരന്മാരായ റെജി മാത്യു, ബഞ്ചമിൻ ജോസഫ്, വിൽസൻ തോമസ് എന്നിവരെ തിരഞ്ഞെടുക്കുകയും ചെയ്തു. പുതിയ വർഷത്തേക്ക് പൊതുസമിതിയിൽ നിന്നും സഹോദരൻ റോബർട്ട് തോമസിനെ ഭരണസമിതിയിലേക്ക് നിയോഗിച്ചു. സഹോദരന്മാരായ റിട്ടയേർഡ് കേണൽ അലക്സ് വർഗ്ഗീസിനെ ചെയർമാനായും ബ്രദർ വി.എം. അബ്രഹാമിനെ വൈസ് ചെയർമാനായും ബ്രദർ ജോൺ വി. അബ്രഹാ

## നമുക്കു ചുറ്റും

മിനെ സെക്രട്ടറിയായും ബ്രദർ. റ്റി. റ്റി. തോമസിനെ ട്രഷറർ ആയും വീണ്ടും തിരഞ്ഞെടുത്തു. തുടർന്ന് ഓഡിറ്റ് ചെയ്ത വരവു ചിലവു കണക്കുകൾ വിശദമായി ചർച്ച ചെയ്ത് അംഗീകരിച്ചു. ജോൺ വി. ഏബ്രഹാം, സെക്രട്ടറി

### മാത്യുപോളിന് 60

ബൈബിൾ തർജ്ജിമയ്ക്കായി ജീവിതം മാറ്റിവെച്ച സഹോ. മാത്യു പോളിന് 60 വയസ് തികഞ്ഞു. അലു കുറുമ്പർക്കുവേണ്ടി തർജ്ജിമ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരിക്കവേ വൈറൽ പനി പിടിപ്പെട്ട് കാലുകൾ തളർന്നെങ്കിലും പ്രാർത്ഥനയുടെ പുതിയ മേഖലകൾ ദൈവജനത്തിന് പരിചയപ്പെടുത്തിയ മാത്യു പോൾ ഇപ്പോൾ കോയമ്പത്തൂരി നടുത്ത് വീരപാണ്ടിക്കടുത്താണ് താമസിക്കുന്നത്. ഭാര്യ ജോയ്സ് പോളും പ്രവർത്തനത്തിൽ സഹായിച്ചു കൊണ്ടിരിക്കുന്നു.

### എൻ.എം.സി.സി. ഫോളോ അപ്പ്

നാഷനൽ മിഷനറി കോൺഫറൻസ്സിന്റെ ഫോളോ അപ്പ് വിജയവാഡ ബിഷപ്പ് ഗ്രാസ്സി ഹൈസ്ക്കൂളിൽ ഒക്ടോബർ 6, 7 തീയതികളിൽ നടക്കാനുള്ള ക്രമീകരണങ്ങൾ പൂർത്തിയായി വരുന്നു. 2000ത്തിലധികം സഭകളുള്ള ആന്ധ്രയിൽ മിഷനറി കോൺഫറൻസുകളെ തുടർന്ന് വ്യാപകമായ നിലയിൽ ആത്മീക ചലനം ഉണ്ടായിട്ടുണ്ട്. 300ഓളം പേരെ പ്രതീക്ഷിക്കുന്ന ഈ പ്രോഗ്രാമിൽ കർതൃദാസന്മാരമായ ജോർജ്ജ് ഡോസൻ, വി. സാം ബോബ്, ഡോ. ബാബു വർഗ്ഗീസ്, എൻ. ആനന്ദറാവു, എം. ഇമാനുവൽ, പി. വിത്സൻ, സാംസൺ നൈനാൻ, ജോൺസൻ ബേബി, കെ. തോമസ് മാത്യു തുടങ്ങിയവർ വചനം ശുശ്രൂഷിക്കും. ഒക്ടോബർ 6 തിങ്കൾ രാവിലെ 8ന് ആരംഭിച്ച് 7 ചൊവ്വ വൈകിട്ട് സമാപിക്കും. വിജയവാഡ റെയിൽവേ സ്റ്റേഷനിൽ നിന്ന് 5 കി.മി. അകലെയാണ് ഹൈസ്ക്കൂൾ. ഈ പ്രോഗ്രാമിനു വേണ്ടി ദൈവമക്കൾ പ്രാർത്ഥിക്കണമെന്ന് കൺവീനർ എ.ജി. ജേക്കബ് അഭ്യർത്ഥിച്ചിട്ടുണ്ട്. A.G. Jacob,C/o S. Joseph, 17-13-20, Milk Street, Baptist Nagar, Vijayavada 520003. Tel : 09440542858.

### ചൈൽഡ് ഇവാൻജലിസം മിനിസ്ട്രി

ഭാരതത്തിലെ ബ്രദ്റൻ സഭകളിൽ ആദ്യമായി വി.ബി.എസ്. സിലബസ് പ്രസിദ്ധീകരിച്ച സി.ഇ.എം. മറാത്തി, ഹിന്ദി ഭാഷകളിൽ സിലബസ് തർജ്ജിമ ചെയ്തിട്ടുണ്ട്. മറ്റ് ഭാഷകളിലേക്കും തർജ്ജിമ ചെയ്യുവാനായി പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നു. സി.ഇ.എം. പ്രവർത്തനങ്ങളുടെ വിവിധ ചുമതലകൾ താഴെ പറയുന്ന സഹോദരന്മാർ നിർവഹിക്കുന്നതാണ്. എബ്രഹാം ജേക്കബ് (സിലബസ്), കെ.പി. സേവ്യർ (പ്രയർ), ബെഞ്ചമിൻ ജോസഫ് (ഫൈനാൻസ്), ബെൻസിക് മിറാൻഡ (പ്രമോഷൻ), ടെൻസൻ ജോസഫ് (പ്രൊഡക്ഷൻ) എന്നിവർ കോ–ഓഡിനേറ്റർമാരായിരിക്കും. എറണാകുളം മേഖല വി.ബി.എസ്. ഡിസ്ട്രിബ്യൂഷൻ കോ–ഓഡിനേറ്റർമാരായി പി.ജെ. ജെൽസൻ, അനു ജെൽസൻ എന്നിവരും ലേഡീസ് വിങ്ങ് കോ–ഓഡിനേറ്റർമാരായി ജെസ്സി ബെഞ്ചമിൻ, ഗ്രേസ് മാത്യു എന്നിവരും പ്രവർത്തിക്കുന്നതാണ്. വിവിധ സ്ഥലങ്ങളിൽ പ്രാർത്ഥനാ സമ്മേളനങ്ങൾ നടത്തുവാനും തീരുമാനിച്ചിട്ടുണ്ട്.

### വിലാസമാറ്റം

റാന്നി സീയോൻകുന്ന് ബ്രദ്റൻ സഭയ്ക്കുള്ള കത്തിടപാടുകൾ അയക്കേണ്ട വിലാസം – Zion Kunnu Brethren Assembly, P.O. Box - 26, Pazhavangadi P.O., Ranni - 689 673.

## നിത്യതയിൽ



വേദനയുടെ ലോകത്ത് നിന്ന് ജോളി ജയ്സൺ (39) യാത്രയായി. കഴിഞ്ഞ രണ്ട് വർഷത്തിലധികമായി കാൻസർ ബാധിച്ച് ചികിത്സയിലായിരുന്നു. 2006 ജൂണിലാണ് രോഗം സ്ഥിരീകരിക്കപ്പെടുന്നത്. അതിനുശേഷം 2 മാസം ആയുസു മാത്രമേയുള്ളു എന്ന് ഡോക്ടർമാർ വിധിയെഴുതി. എന്നാൽ രണ്ട് വർഷത്തിൽ കൂടുതൽ പിന്നീട് ജീവിക്കുകയും, വേദനയുടെയും, ശാരീരിക ക്ലേശത്തിന്റെ മദ്ധ്യത്തിൽ പുഞ്ചിരിക്കുന്ന മുഖവുമായി തന്നെ ആശ്വസിപ്പിക്കുവാൻ എത്തുന്നവരെ എതിരേറ്റിരുന്ന ജോളി അവസാന സമയത്ത് തന്റെ ജീവിതാനുഭവത്തിൽനിന്ന് അടർത്തിയെടുത്ത വരികളിലൂടെ കർത്താവായ യേശുവിന്റെ സുവിശേഷം വരച്ചുകാട്ടി. അങ്കമാലി ടൗൺ ബ്രദ്റൺ സഭാഗം ഇടച്ചേരി ജെയ്സൺ പൗലോസിന്റെ ഭാര്യയും കർത്തൃസന്നിധിയിൽ വിശ്രമിക്കുന്ന കുമ്പനാട് പാപച്ചൻ ഉപദേശിയുടെ (വി.എം.മാത്യു) മകളുമാണ്.

## പ്രയർ കലണ്ടർ
## ഒക്ടോബർ 2008

പ്രാർത്ഥനാ ചങ്ങലയിൽ ചേർന്നവർക്ക് മാത്രം അല്ല, എല്ലാ ദിവസവും നിശ്ചിത സമയം ദൈവസന്നിധിയിൽ ചെലവഴിക്കാൻ താൽപര്യമുള്ള എല്ലാവർക്കും വേണ്ടിയാണ് ഈ കലണ്ടർ. റിന്യൂവലിന്റെ മറ്റു പേജുകളിലും ധാരാളം പ്രാർത്ഥനാ വിഷയങ്ങൾ ഉണ്ട്. നാം പതിവായി പ്രാർത്ഥിക്കുന്ന ആളുകളുടേയും വിഷയങ്ങളുടെയും ലിസ്റ്റുണ്ടാക്കുന്നത് എത്രയും നല്ലതാണ്. നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ എഴുതുക. പ്രയർ കലണ്ടർ C/o റിന്യൂവൽ, പി. ബി. 46, തിരുവല്ല 689 101.

| | | | | | |
|---|---|---|---|---|---|
| **ഞായർ** സ്ഥലം സഭയ്ക്കു വേണ്ടി | **ഒരു മണിക്കൂറിനുള്ള ഏകദേശ പ്രോഗ്രാം** 5 മിനിററ് സ്തുതി: 5 മിനിററ് നന്ദി (സ്ത്രോതം): 5 മിനിററ് ഏററുപറച്ചിൽ: 20 മിനിററ് വചനധ്യാനം: 20 മിനിററ് മദ്ധ്യസ്ഥ പ്രാർത്ഥന: 5 മിനിററ് അപേക്ഷ: | **5** കർത്തൃമേശയും ആരാധനയും സ്വയശോധനയോടെയും കർത്താവിനു പ്രസാദകരമായും നടക്കുവാൻ. വിശ്വാസികൾ ജീവിത വിശുദ്ധിയിൽ ജീവിക്കുവാൻ. സ്ഥലം സഭയിൽ ഞായറാഴ്ച കൂടുതൽ പേർ സ്തോത്രം ചെയ്യുന്നതിന്. വചനശുശ്രൂഷ ആത്മനിറവിൽ ആയിരിക്കാൻ. വചനം ശുശ്രൂഷിക്കുന്നവർക്കായി പേരുപറഞ്ഞ്. | **12** മറ്റ് ക്രിസ്തീയ സഭാ വിഭാഗങ്ങളുടെ നേതാക്കന്മാർക്കായി. കത്തോലിക്ക, ഓർത്തഡോക്സ്, യാക്കോബായ, മാർത്തോമ്മ, ഇവാൻജലിക്കൽ സഭകളുടെ ചുമതലപ്പെട്ടവർക്കായി. പെന്തക്കോസ്ത് സഭകളിലും ആത്മീയ ഉണർവ്വുണ്ടാകാൻ. പുതുയുഗ സഭകൾ (സ്വതന്ത്ര) ശരിയായ ആത്മീയ കാഴ്ചപ്പാടിൽ പോകാനും, സുവിശേഷം അറിയിക്കുന്നതിൽ പ്രാധാന്യം നൽകാനും. | **19** സഭയിലെ മൂപ്പന്മാർ, ശുശ്രൂഷകന്മാർ ഇവരുടെ പേരു പറഞ്ഞ്. കർത്താവു തരുന്നതിൽ നിന്ന് അവർക്ക് കൂട്ടായ്മ കാണിക്കാറുണ്ടോ. അവരുടെ കുടുംബാംഗങ്ങളെ ഓർത്ത്. അവരുടെ വീടുകൾ സന്ദർശിച്ച് പ്രോത്സാഹിപ്പിക്കുക. നിങ്ങളുടെ സഭയിൽ സുവിശേഷകന്മാർ ഉണ്ടോ? ഇല്ലെങ്കിൽ എഴുന്നേൽക്കാൻ. | **26** സണ്ടേ സ്ക്കൂൾ പ്രവർത്തനം ഭംഗിയായി നടക്കാൻ. അദ്ധ്യാപകർക്കായി. വി.ബി.എസ്., ചിൽഡ്രൻസ് ക്ലബ്ബ് നടത്തി കൂടുതൽ കുട്ടികളെ സഭയിലേക്ക് ആകർഷിക്കാൻ. കുട്ടികളുടെ പ്രവർത്തനത്തിന് സഭ കൂടുതൽ ശ്രദ്ധ പതിപ്പിക്കാൻ. യുവജന മീറ്റിംഗ്, സഹോദരിമാരുടെ യോഗം, ഭവന പ്രാർത്ഥകൾ ബൈബിൾ സ്റ്റഡി – മുടങ്ങാതെ നടക്കുവാൻ. |
| **തിങ്കൾ** അധികാര സ്ഥാനങ്ങളിലുള്ളവർക്ക് വേണ്ടി |  | **6** നമ്മുടെ രാജ്യത്തിന്റെ ആത്മീയ സൗഖ്യത്തിനായി. രാഷ്ട്രപതി, പ്രധാനമന്ത്രി, ഉപരാഷ്ട്രപതി, കേന്ദ്രമന്ത്രിമാർ ഇവരുടെ പേരുകൾ ശേഖരിച്ച് പ്രാർത്ഥിക്കുക. സുപ്രീം കോടതി ചീഫ് ജസ്റ്റിസ് കെ.ജി. ബാലകൃഷ്ണൻ, ജഡ്ജിമാർ ഇവർക്കായി. വിവേകത്തോടെ ഭരണം നടത്താൻ ഭരണാധികാരികൾക്കായി. ആന്ധ്രയിലെ എൻ.എം.സി.സി. ഫോളോ അപ്പിനായി. | **13** ഒറീസ്സ, മുഖ്യമന്ത്രി നവീൻ പട്നായിക്കിനായി. ക്രൈസ്തവരുടെ നേരെയുള്ള അക്രമങ്ങൾ തടയുവാൻ. കഷ്ടമനുഭവിക്കുന്ന ക്രിസ്ത്യാനികൾക്കായി. നമ്മുടെ സുവിശേഷകന്മാരുടെയും കുടുംബങ്ങളുടെയും സുരക്ഷിതത്തിനായി. ഗവർണർ, ആഭ്യന്തരമന്ത്രി, മന്ത്രിമാർ, രാഷ്ട്രീയ നേതാക്കൾ, സുവിശേഷ വിരോധികൾ രക്ഷിക്കപ്പെടുവാൻ. | **20** കർണ്ണാടകയിലും വ്യാപകമായി ക്രിസ്ത്യാനികൾ ഉപദ്രവിക്കപ്പെടുന്നു. മുഖ്യമന്ത്രി ബി.എസ്. യദിയൂരപ്പ, വി.എച്ച്.പി., ബജ്റംഗദൾ, നേതാക്കൾക്കായി. ബി.ജെ.പി. എം.പി.മാർ, എം.എൽ.എ.മാർ ഇവരെയോർത്ത്. ജില്ലാ ഭരണാധികാരികൾക്കായി. സങ്കീ. 9 – 20 അവകാശപ്പെടുക. ക്രിസ്ത്യാനികൾ സംയമനം പാലിക്കാനും ക്രിസ്തുവിന്റെ സ്വഭാവം പ്രകടിപ്പിക്കാനും. | **27** സംസ്ഥാന മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവ്, മന്ത്രിമാർ, ഗവർണ്ണർ, ചീഫ് സെക്രട്ടറി, ഡി.ജി.പി., ഐ.എ.എസ്സ്., ഐ.പി.എസ് ഉദ്യോഗസ്ഥന്മാരുടെ പേരു പറഞ്ഞ്. ജില്ലാ കളക്ടർ, ആർ.ഡി.ഒ., തഹസീൽദാർ, വില്ലേജ് ഓഫീസർ, പോലീസ് ഇൻസ്പെക്ടർമാർ ഇവർക്കായി. സ്ഥലം എം.പി., എം.എൽ.എ., കൗൺസിലർ, വാർഡ് മെമ്പർ ഇവർ രക്ഷിക്കപ്പെടുവാൻ. |
| **ചൊവ്വ** രക്ഷിക്കപ്പെടാത്തവർക്കു വേണ്ടി | | **7** രക്ഷിക്കപ്പെടാത്ത സഹപാഠികൾക്കായി പേര് പറഞ്ഞ്. പഴയ സഹപാഠികളെ കണ്ടുപിടിച്ച് കത്തിലൂടെയോ നേരിലോ സുവിശേഷം പറയാൻ. ഒരുമിച്ചു പ്രവർത്തിക്കുന്നവരെ ഓർത്ത്. മേലധികാരികളോടും സുവിശേഷം പറയാൻ അവസരത്തിനായി പ്രാർത്ഥിക്കുക. വ്യക്തിപരമായി സുവിശേഷം പങ്കുവെയ്ക്കാൻ ജ്ഞാനം, ധൈര്യം ഇവ ലഭിക്കാൻ. | **14** ദിവസം കണ്ടുമുട്ടുന്നവരെ ഓർത്ത്. ഒരു നിമിഷം അപ്പോൾ തന്നെ അവർക്കായി പ്രാർത്ഥിക്കുക. റേഷൻ കടക്കാർ, പലചരക്കു കടക്കാർ, പച്ചക്കറി, മീൻ ഇവ വിൽക്കുന്നവർ ഇവരെ ഓർത്ത്. ഒരു ട്രാക്ടെങ്കിലും കൊടുക്കുക. ബന്ദു ദിവസം അല്ലെങ്കിൽ ഒഴിവുള്ളപ്പോൾ അടുത്തുള്ളവരെ വീട്ടിൽ വിളിച്ച് സുവിശേഷം പങ്കുവെയ്ക്കുക. | **21** സുവിശേഷം പറഞ്ഞവരെ അനുധാവനം ചെയ്യുവാൻ. ആശുപത്രികൾ സന്ദർശിച്ച് രോഗികൾക്കായി പ്രാർത്ഥിക്കുവാനും സുവിശേഷം അറിയിക്കുവാനും. അയൽക്കാർക്കു വേണ്ടി ദിനവും പ്രാർത്ഥിക്കുക. നല്ല ബന്ധമില്ലാത്ത അയൽക്കാരെയും സ്നേഹിച്ച് കുറ്റങ്ങൾ നിങ്ങളുടെ ഭാഗത്തുണ്ടെങ്കിൽ ഏറ്റുപറയുക. വീട്ടിൽ പ്രത്യേക യോഗങ്ങൾ നടത്തുവാൻ. | **28** നിങ്ങൾ പോകുന്ന ഓഫീസുകൾ, ബാങ്ക് തുടങ്ങിയ സ്ഥാപനങ്ങളിലെ ജോലിക്കാർക്കായി. ഒന്നാമത് നല്ല പെരുമാറ്റം വേണം. തുടർന്ന് സുവിശേഷ പ്രതികൾ നൽകുക. പേരുകൾ ശേഖരിച്ച് പ്രാർത്ഥിക്കുക. ആർ.ടി.ഒ. വില്ലേജ് ഓഫീസുകൾ, പോലീസ് സ്റ്റേഷൻ ഇവ അഴിമതിരഹിതമാകാൻ. |
| **ബുധൻ** സൗഖ്യമില്ലാത്തവർക്ക് വേണ്ടി | **1** ശാരീരിക പ്രയാസമുള്ള കുഞ്ഞുങ്ങൾക്കായി. മനുവേൽ (കുടിയാന്മല), മെർലിൻ (മേപ്രാൽ), നിയ (ഇടയക്കുന്നം), സ്റ്റെവിൻ (പത്തനാപുരം). വൈകല്യമുള്ള കുട്ടികൾക്കായി. അവരെ ചികിത്സിക്കുന്നവർക്കായി. വെല്ലൂർ മെഡിക്കൽ കോളേജിലെ ഡെവലപ്മെന്റൽ പീഡിയാട്രിക്സ് ഡിപ്പാർട്ട്മെന്റിനായി. വൈകല്യമുള്ള കുട്ടികളുടെ സംരക്ഷണത്തിനായി. | **8** കേരളത്തിലെ ജനങ്ങൾ ദൈവമുഖത്തേക്കു നോക്കാൻ. അനേക വിശ്വാസികളും കഷ്ടമനുഭവിക്കുന്നു. വിശ്വാസികളായ ഡോക്ടർ മാർ, നേഴ്സുമാർ തുടങ്ങിയവർ വിശ്വസ്തരായി തങ്ങളുടെ ദൗത്യം നിർവഹിക്കാൻ. നമ്മുടെ രാജ്യത്തോടുള്ള കടപ്പാട് വിസ്മരിക്കാതിരിക്കാൻ. നേരത്തെ പ്രാർത്ഥിച്ച വിവരം അന്വേഷിച്ച്. | **15** കാൻസർ രോഗികൾ – തങ്കമ്മ ജോൺ (കൊട്ടാരക്കര), എസ്തേർ (5 വയസ്സ്), കെ.ജെ. ജോസഫ് (തിരുവനന്തപുരം), ടി.എസ്. ജോൺ (പയ്യന്നൂർ), ഗ്രേസ് ജോൺ സൺ (എറണാകുളം), റാഫേൽ (ഇടയക്കുന്നം). കെ.വൈ. ജോൺ (കോട്ടയം), റോട്ണി പോൾ (യു.എസ്.എ.), ജീന ബിജു, പി.ഒ. ഏലിയാസ്, ജോസ് തോപ്പിൽ (യുഎസ്എ), ടോണി ജോൺ (യുഎസ്എ), തങ്കമ്മ (കൊട്ടാരക്കര) | **22** ഹൃദയ സംബന്ധ രോഗികൾ – ടി.ജെ. സൈമൺ (തിരുവനന്തപുരം), വി.ടി. ജോർജ്ജ് (മണ്ണാരകുളഞ്ഞി), ആറമുള ബേബി, സാറാമ്മ ഡാനിയേൽ, സാം ടി. സാമുവൽ, ടി.എസ്. കോശി, അനിയൻ വർഗ്ഗീസ്, മോനി സാജൻ (യുഎസ്എ), ക്രിസ്തീന (ഡൽഹി), ഏലിയാമ്മ ചാക്കോ (കുണ്ടറ), പി.എം. ജോണിക്കുട്ടി (യുഎസ്എ), സി.വി. ചാക്കോ (സൗദി), മോളിക്കുട്ടി എബ്രഹാം (ഭോപ്പാൽ). | **29** എ.ആർ. പീറ്റർ, ജോയി പാമ്പാടി, മേരി പോൾ തോമസ് (കോട്ടയം), സൂസമ്മ ജേക്കബ് (ഇടക്കര), ഏലിയാമ്മ മത്തായി (നിലമ്പൂർ), റോസമ്മ തോമസ് (അങ്കമാലി), ഷാജി കെ. മല്ലശ്ശേരി, വി. കുര്യാക്കോസ് അന്നമ്മ കുര്യാക്കോസ് (കീഴില്ലം), ജോൺസൺ കെ.സി. (തൃശ്ശൂർ), പൗലോസ് സി. (തൃശ്ശൂർ), ജോളി ജോസ് (രാജസ്ഥാൻ), പീറ്റർ ഫിലിപ്പ് (പാലക്കാട്), വിശാൽ ചാക്കോ (ഗോളിയാർ) |
| **വ്യാഴം** സുവിശേഷ പ്രവർത്തകർ, പ്രവർത്തനങ്ങൾ | **2** വൈ.എം.ഇ.എഫ്. കാമ്പയിനുകൾ, കർണ്ണാടകയിൽ തടസ്സം കൂടാതെ പ്രവർത്തിക്കുവാൻ. പുതുതായി സ്ഥലം സഭകൾ രൂപം കൊള്ളാൻ. പഞ്ചാബ് പ്രവർത്തനങ്ങൾക്കായി. കാലാവസ്ഥ, ടീംമഗങ്ങളുടെ സംരക്ഷണം. സാമ്പത്തീകാവശ്യങ്ങൾ, ഈ സംസ്ഥാനത്തിലെ അധികാരികൾക്കു വേണ്ടി. | **9** വടക്കേ ഇന്ത്യയിലെ വിവിധ ഭാഗങ്ങളിൽ നമ്മുടെ സുവിശേഷകന്മാർ ചെയ്യുന്ന ശുശ്രൂഷകൾക്കായി. പക്കാഞ്ചോർ, കാംകീർ, ബാലോദ് തുടങ്ങിയ ഛത്തീസ്ഗഢിലെ പ്രദേശങ്ങൾക്കായി. പലയിടത്തും നക്സലൈറ്റ് പ്രവർത്തനങ്ങൾ, സുവിശേഷത്തിന് തടസ്സം വരാതിരിക്കാൻ. അവരും രക്ഷിക്കപ്പെടുവാൻ. വിശ്വാസികളുടെ സംരക്ഷണത്തിനായി. | **16** ബില്ലിഗ്രഹാമിന്റെ കൊച്ചുമകൻ വിൽ ഗ്രഹാം ഡിസംബറിൽ കേരളത്തിൽ വരുന്നു. അനേകർ രക്ഷിക്കപ്പെടുവാൻ. റേഡിയോ – ടി.വി. പ്രവർത്തനങ്ങൾക്കായി. വിശ്വവാണി, ഫീബ ലിവിംഗ് വാട്ടേഴ്സ്, സദ്ഗമയ, അറേബ്യൻ ന്യൂസ് പ്രവർത്തനങ്ങൾക്കായി. ഹിന്ദി ടിവി പ്രോഗ്രാമിനു വേണ്ടി പ്രത്യേകം. | **23** ഭാരതത്തിലെ സഭകൾക്കും സുവിശേഷ വേലയ്ക്കും വലിയ പ്രോത്സാഹനം ലഭിക്കത്തക്കവിധം സ്റ്റിവാർഡ് അസോസിയേഷനു വേണ്ടി. പുതിയ തലമുറ ചുമതല ഏറ്റെടുക്കുന്നതിനായി. ജി.എഫ്.റ്റി.ഐ., കെ.ഇ.എം., ഐ.ഇ.റ്റി., ജനറൽ ഗോസ്പൽ ഫണ്ട് പ്രവർത്തനങ്ങൾക്കായി അതതു സെക്രട്ടറിമാർക്കു വേണ്ടി. | **30** വടക്കേ ഇന്ത്യയിൽ പ്രവർത്തിക്കുന്ന സുവിശേഷകരെയും കുടുംബാംഗങ്ങളെയും ഓർത്ത് (പ്രെയർ ഹാൻഡ് ബുക്ക് ലഭ്യമെങ്കിൽ അതിന്റെ സഹായത്താൽ എല്ലാവരുടെയും പേരു പറഞ്ഞ്). ഗുജറാത്ത്, രാജസ്ഥാൻ, മദ്ധ്യപ്രദേശ് സർക്കാർ അധികാരികൾക്കായി. ദൈവജനത്തിന് വിരോധമായ നീക്കങ്ങൾ ഉണ്ടാകാതിരിക്കാൻ. |
| **വെള്ളി** ലോക രാജ്യങ്ങൾ | **3** നമ്മുടെ അയൽ രാജ്യങ്ങൾക്കായി. പാക്കിസ്ഥാനുമായി സൗഹൃദത്തിൽ കഴിയുവാൻ. തീവ്രവാദികളെ പ്രോത്സാഹിപ്പിക്കാതിരിക്കാൻ. ശ്രീലങ്കയിലെ ആഭ്യന്തര പ്രശ്നങ്ങൾ അവസാനിപ്പിക്കുവാൻ. തമിഴ് പുലികൾക്കായി പ്രത്യേകം. നേതാവ് വേലുപിള്ള പ്രഭാകരൻ, മ്യാൻമാറിൽ സമാധാന ജനാധിപത്യം പുനഃസ്ഥാപിക്കുവാനും മിലിട്ടറി ഭരണാധികാരികൾക്കും. | **10** അമേരിക്കയ്ക്കു വേണ്ടി പ്രസിഡന്റ് ജോർജ്ജ് ബുഷ്, അടുത്ത പ്രസിഡന്റ് സ്ഥാനാർത്ഥികളായ ഒബാമാ, മക്കെയിൻ എന്നിവർക്കായി. അവർ യഥാർത്ഥമായി രക്ഷയുടെ അനുഭവത്തിൽ വരാൻ. അമേരിക്കയിൽ ജോലിക്കും പഠനത്തിനുമായി പോയിട്ടുള്ള നമ്മുടെ യുവജനങ്ങൾ, സഭാംഗങ്ങൾ, എന്നിവർക്കായി. ദൈവഭയത്തിലും വിശ്വസ്ത സാക്ഷ്യം പുലർത്തിയും ജീവിക്കുവാൻ. | **17** ഗൾഫ് രാജ്യങ്ങൾക്കു വേണ്ടി പേരു പറഞ്ഞ്. ഇറാനുമായി സംഘർഷം ഉണ്ടാകാതിരിക്കാൻ. ഗൾഫ് ഭരണാധികാരികൾക്കായി സ്തോത്രം ചെയ്യാം. സഭാ ഹാളുകൾക്ക് സ്ഥലം അനുവദിച്ചവർക്കായി. ഷാർജയിൽ 2000 പേർക്ക് ഇരിക്കുവാൻ യൂണിയൻ ചർച്ച് പണി പൂർത്തിയാകുന്നു. ഗൾഫിലെ സഭകൾ ഉണർവ്വോടെ പ്രവർത്തിക്കുവാൻ. വ്യക്തിപരമായി സുവിശേഷം അറിയിക്കാൻ. | **24** 10/40 ജാലക രാജ്യങ്ങൾക്കുവേണ്ടി, 196 കോടി ജനങ്ങൾ മതനിയമങ്ങൾ പ്രാബല്യത്തിലിരിക്കുന്ന രാജ്യങ്ങളിൽ അധിവസിക്കുന്നു. സുവിശേഷീകരണ സ്വാതന്ത്ര്യം ഇല്ലാത്ത രാജ്യങ്ങൾക്കുവേണ്ടി. യിസ്രായേൽ – പാലസ്തീൻ പ്രശ്നങ്ങൾ സമാധാനപരമായി പരിഹരിക്കപ്പെടേണ്ടതിന്. | **31** ഭാരതത്തിന്റെ അയൽരാജ്യങ്ങളായ ചൈന, പാക്കിസ്ഥാൻ, ബംഗ്ലാദേശ്, മ്യാൻമാർ, മാലി, നേപ്പാൾ, ശ്രീലങ്ക, ബൂട്ടാൻ എന്നിവയ്ക്കുവേണ്ടി. ഇവിടുത്തെ ഭരണാധികാരികൾക്കു വേണ്ടിയും. മതസ്വാതന്ത്ര്യം ലഭിക്കാൻ. എവരി ഹോം ക്രൂസേഡ് ചില രാജ്യങ്ങളിൽ പ്രവർത്തിക്കുന്നു. |
| **ശനി** കുട്ടികൾ, യുവജനങ്ങൾ, ജീവകാരുണ്യ പ്രവർത്തനങ്ങൾ | **4** അടുത്ത വർഷത്തെ വി.ബി.എസ്. സിലബസിനായി. ചൈൽഡ് ഇവാൻജലിസം, എസ്.ബി.എസ്. പ്രവർത്തങ്ങൾക്കായി. മറാത്തി ഭാഷയിൽ വി.ബി.എസ്. തർജ്ജമക്കായി. കുട്ടികൾക്കായി ധ്യാന പുസ്തകങ്ങൾ, ട്രാക്ടുകൾ ഇവ കൂടുതൽ ലഭ്യമാകാൻ. കുട്ടികളുടെ പ്രവർത്തനങ്ങൾക്കായി കൂടുതൽ പേർ സമർപ്പിക്കപ്പെടാനും സാമ്പത്തിക ആവശ്യങ്ങൾക്കായും. | **11** ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി. കുമ്പനാട് നേഴ്സിംഗ് ഹോം, തൃശൂർ വൃദ്ധമന്ദിരം, സങ്കേശ്വർ ഓൾഡ് ഏജ് ഹോം, രഹബോത്ത് അനാഥശാല, മലവള്ളി ബോയ്സ് ഹോം, ഇരിങ്ങാലക്കുട ബോയ്സ് ഹോം തുടങ്ങിയ ശുശ്രൂഷകൾക്കായി. ഇതുപോലെ മറ്റു സ്ഥലങ്ങളിലും പ്രവർത്തനങ്ങൾ ഉണ്ടാകാൻ. സൽപ്രവർത്തികളിൽ വർദ്ധിച്ചു വരാൻ. | **18** ആശുപത്രി പ്രവർത്തനങ്ങൾക്കായി. വെല്ലൂർ മെഡിക്കൽ കോളേജ്, ലുധിയാന മെഡിക്കൽ കോളേജ്, മിഷനറി ദർശനത്തോടെ നമ്മുടെ മദ്ധ്യത്തിൽ പുതിയ മെഡിക്കൽ കോളേജിനായി. ആന്ധ്രയിലെ അംബാജിപേട്ട്, നരസപ്പൂർ, കർണ്ണാടകയിലെ സങ്കേശ്വർ ആശുപത്രികൾ അഭിവൃദ്ധിപ്പെടാൻ. തിരുവല്ല ടി.എം.എം.നായി. | **25** വടക്കെ ഇന്ത്യയിൽ പുതിയ സ്കൂളുകൾ സ്ഥാപിക്കാൻ. അനേകർ മുമ്പോട്ടു വരാൻ. ഛത്തീസ്ഗഢിലെ ഇതഫനാർ മിഷൻ സ്കൂൾ, തൃശൂർ രഹബോത്ത്, കർണ്ണാടകയിലെ കൊള്ളേഗൽ സ്കൂൾ, നോയൽ മെമ്മോറിയൽ സ്കൂളുകൾ, കുമ്പനാട് ബ്രദ്റൻ ഇംഗ്ലീഷ് മീഡിയം, ഊട്ടിയിലെ ഹെബ്രോൻ, ബാംഗ്ലൂർ ക്ലാരൻസ് സമർപ്പണമുള്ള അധ്യാപകർക്കായി. | പ്രാർത്ഥനാ വിഷയങ്ങൾ എഴുതുക. **പ്രയർ കലണ്ടർ C/o റിന്യൂവൽ, പി. ബി. 46, തിരുവല്ല 689 101.** |

Printed & Published by Tenson Joseph for Renewal Team at Thomson Press, Cochin, Karimpatta Road, Pallimukku, Cochin - 682 016.
Type Setting & Layout : Design Enroute, Ekm,